

പി. ജെ. പോൾ

T 62
P 28

# പൂടാമറയൻ

T 62
P 28

ഗ്രന്ഥകർത്താ:
പി. ജെ. പോൾ
മാന്നാനം

RAM COLLEGE LIBRARY, BANGALORE.

വില. ന. പൈ. 50

S. J. Press, Mannanam.
1959

ഒന്നാംപതിപ്പ്.
കോപ്പി, 2000.

പ്രസാധകർ,
എസ്സ്. ജെ. പ്രസ്സ് മന്നാനം.

ജനുവരി
1959

# ചുടാമറയൻ

## രംഗം 1

### പൂവട്ടത്തു വീടിൻെറ പൂമുഖം

[ഗൃഹനായകൻ റോബർട്ട് ഒരു കസേരയിലിരിക്കുന്നു. മേശ, കസേര, മേശപ്പുറത്ത് പത്രങ്ങളും, പൂച്ചെണ്ടും. റോബർട്ട് വായിച്ചുകൊണ്ടിരിക്കുന്നു. ജോയി അകത്തിരുന്ന് എന്തോ വായിക്കുന്നു.]

റോബർട്ട്– എടാ, ജോയിച്ചോ, മോനേ, നീയിങ്ങോട്ടൊന്നു വന്നേ?

("എന്തോ അപ്പച്ചാ!'' എന്നു വിളികേട്ടുകൊണ്ട് ജോയി പ്രവേശിക്കുന്നു.)

റോ– വായന കഴിഞ്ഞോ മോനേ?

ജോയി– ഇല്ലപ്പച്ചാ, മുഴുവനും തീർന്നില്ല. കഴിഞ്ഞയാഴ്ചയിൽ അവധിയായിരുന്നതുകൊണ്ട് കുറെ അധികം പഠിക്കാനുണ്ട്.

റോ– നിങ്ങളുടെ ക്ലാസ്സിൽ ഇംഗ്ലീഷ് എടുക്കുന്നതു ഏതു സാറാണ്?

ജോ– ഇംഗ്ലീഷ് എടുക്കുന്നതു് പണിക്കരു സാറാണ്. നന്നായി പഠിപ്പിക്കും.

റോ– ആട്ടെ, നീ ഇന്നു പള്ളിയിൽ പോയോ?

ജോ– ഞാൻ പള്ളിയിൽ പോയിരുന്നു.

റോ– വികാരിയച്ചനെ കണ്ടോ?

ജോ– കണ്ടു. അച്ചൻ വീടുകൾ സന്ദർശിക്കാൻ വരുമ്പോൾ ഇതിലേയും വരാമെന്നു പറഞ്ഞിട്ടുണ്ട്.

(ഉൽക്കർട്ടനകത്തു ഒരു ബഹളം. "കാള, കാള. ഇവിടെ കാള. ഇതൊരുപാടുണ്ടല്ലോ. ഇതാരുടെയാപ്പാ,

അയ്യോ! ആ ചെറുതൈ എല്ലാം മുടിച്ചല്ലോ. ഇതാ റോബർട്ട ചേട്ടൻെറ കാളയാണല്ലോ. തൊമ്മിയെ ന്നൊ പറഞ്ഞ് ഒരുത്തൻ അവിടെയുണ്ട്. തിന്നാൻ തന്നെ വന്നിരിക്കുന്ന ഒരു ദാരിദ്ര്യവാസി. അവനിട്ട് ഇന്നു ഞാൻ രണ്ടു കൊട്ടുക്കും'' ചാക്കോപ്പിച്ചേട്ടൻ വിളിച്ചു ചോദിക്കുന്നു: "എടാ! ശൗരിയേ, ശൗരീ, എല്ലാം മുടിച്ചോടാ. അതാരുടെ കാളയാടാ?'' ശൗരി– ആ പൂവട്ടത്തെ കാളയാ. ചാക്കോപ്പി– ചെന്ന വരോടു പറയടാ പിടിച്ചുകെട്ടാൻ.)

(ശൗരി പ്രവേശിക്കുന്നു.)

ശൗരി– റോബർട്ടു ചേട്ടാ! നിങ്ങളുടെ തൊമ്മി ആ കന്നുകാലികളെ അഴിച്ചുവിട്ടു ഞങ്ങളുടെ ചിറയിൽ നിന്ന ചെറുതൈ എല്ലാം മുടിപ്പിച്ചു.

റോ– എൻെറ കുഞ്ഞേ! ഞാനവനെക്കൊണ്ടു തോററു. എത്രപ്രാവശ്യം പറഞ്ഞാലും അവനു മനസ്സിലാകത്തില്ല. എടാ, തൊമ്മിയേ, തൊമ്മീ. ഇങ്ങോട്ടൊന്നു വന്നേടാ.

(തൊമ്മി അകത്തിരുന്നു "എന്തോ'' എന്നു വിളികേൾക്കുന്നു. പരുങ്ങിപ്പരുങ്ങി പ്രവേശിക്കുന്നു.)

റോ– എടോ, തന്നോടു ഞാൻ പലപ്രാവശ്യവും പറഞ്ഞിട്ടുള്ളതല്ലേ, കന്നുകാലികളെ ചുമ്മാ കെട്ടഴിച്ചുവിട്ടാൽ വല്ലവരുടേയും വിളവു നശിപ്പിക്കുമെന്ന്.

തൊമ്മി– എൻെറ പൊന്നുംകൊടുത്ത ചേട്ടാ! ഞാനതുങ്ങളെ അഴിച്ചു കെട്ടിയേച്ച് ഇറച്ചിക്കടവരെ പോയേച്ച് ഇപ്പം വന്നതേയുള്ളു. ഈ കരുത്തം കെട്ട ചെറുക്കൻ ചുമ്മാ വല്ലതും നുണ പറയുന്നതായിരിക്കും.

ശൗ– എടോ! കട്ടോണ്ട് കള്ളൻ മുമ്പോട്ട് എന്നു പറഞ്ഞതുപോലെയാണല്ലോടോ. എൻെറ മുതല് മുടിപ്പിച്ചതും പോരാഞ്ഞിട്ട് പിന്നെയും താൻ എന്നോടു

ക്കോപിക്കയാണോ. തൻെറ ഏമാളിത്തർമൊന്നും ഇവിടെയെട്ടക്കണ്ടാ. അതെല്ലാം അങ്ങു ചെല്ലു മ്പം. അടിച്ചു പല്ലു ഞാൻ വായിലിട്ടും.

റോ- എടാ! ശൗരീ. മുതലു നശിപ്പിച്ചതിനൊക്കെ ഞാൻ പരിഹാരമുണ്ടാക്കാം. നീ കുറേക്കൂടി സൂ ക്ഷിച്ചു സംസാരിക്ക്.

ശൗ- സൂക്ഷിച്ചില്ലെങ്കിലെന്താ? വിഴുങ്ങിക്കളയുമോ!

തൊ- ചേട്ടാ! ചേട്ടനിങ്ങു മാറിക്കേ. ഇവനെ ഞാൻ കാ ണിച്ചുകൊടുക്കാം.

റോ- എടോ, താൻ അകത്തു പോടോ.

തൊ- ചേട്ടൻ പറഞ്ഞാ എനിക്ക് അപ്പീലില്ല. ഇങ്ങ നെയുള്ളവനെയൊന്നും ഞാൻ വെറുതേ വിടാറി ല്ല. ഞാൻ പോയേക്കാം.

ശൗ- ചേട്ടൻ പറഞ്ഞില്ലെങ്കിലെന്താ? താനെന്നെ കൊ ന്നുകളയുമോ! പോടോ താൻ.

റോ- എൻെറ കുഞ്ഞേ! നിൻെറ പ്രവൃത്തികൾ വള രെ ബുദ്ധിശൂന്യമായിട്ടുള്ളവയാണു്. വേണ്ടവി ധം പറയുവാനോ പ്രവത്തിക്കുവാനോ നിനക്കറി യത്തില്ല. നിൻെറ ജീവിതം ഈവിധം മുന്നോട്ടു പോയാൽ നിനക്കുതന്നെയതു് ഉപദ്രവത്തിനു കാ രണമാകും. നിനക്കിഷ്ടപ്പെട്ടാലും ശരി, ഇല്ലെങ്കി ലും ശരി, നമ്മള് കുടുംബക്കാരായതുകൊണ്ടു് ഞാൻ പറയുന്നതാ.

(സംഭാഷണം തീരുന്നതിനുമുമ്പായി വികാരിയച്ചൻ പ്രവേശിക്കുന്നു. റോബർട്ടും ജോയിയും അച്ചനു സ്തു തിചെല്ലുന്നു. അച്ചൻ സ്വീകരിക്കുന്നു.)

വികാരി- മി. റോബർട്ടു്, എന്തിനെപ്പററിയാണു് നി ങ്ങൾ ഈ പയ്യനുമായി സംസാരിക്കുന്നതു്? ഈ പയ്യനേതാ?

റോ- ഇവൻ പുതുശ്ശേരി ചാക്കോപ്പിയുടെ മൂത്ത മക നാണു്.

അച്ചൻ- ആങ്ഹാ, ചാക്കോപ്പിക്ക് ഇത്ര മുതിന്ന മക്ക

ളുണ്ടോ? (ശൗരിയോട്ട്) എന്താ മോനേ, നിൻെറ പേരു്?

ശൗ— എൻെറ പേരു ശൗരിയെന്നു്.

അ— ശൗരി, നീ വേദപാഠത്തിനു വരാറില്ലേ?

ശൗ— അതറിഞ്ഞിട്ടു വല്ല പ്രത്യേക കാര്യവുമുണ്ടോ? എനിക്കു സൗകര്യമുണ്ടെങ്കിൽ ഞാൻ വരും. എനിക്കു വേറെ ജോലിയുണ്ടച്ചാ. അതുകൊണ്ടാണു് ഞാൻ പള്ളിയിൽപോലും വരാതിരിക്കുന്നതു്. മുറിയിലെങ്ങും ഇരിക്കാൻ മേലാഞ്ഞിട്ടു ഇറങ്ങിയിരിക്കുന്നു! (പിറുപിറുത്തു കൊണ്ടു് പോകുന്നു. ജോയിയും പോകുന്നു.)

അ— റോബർട്ടേ! ഇവൻെറ സ്വഭാവം ഇത്രയ്ക്കു മോശമാണോ?

റോ— അച്ചാ! അവൻ വളരെ മോശമായിട്ടാണു് വളർന്നു വരുന്നതു്. അവനോടെത്ര ഗുണദോഷിച്ചാലും ഒരു ഫലവുമില്ല. ഇപ്പോൾതന്നെ ഇവിടുണ്ടായ ഒരു നിസ്സാരകാരണത്തിനു് എൻെറ വേലക്കാരൻ തൊമ്മിയോടു് കുറെ പരുഷവാക്കുകൾ പറഞ്ഞു. അതെപ്പററി അവനോടു ഗുണദോഷിച്ചു കൊണ്ടു് നിന്നപ്പോഴാണു് അച്ചൻ വന്നതു്. അച്ചനോടുതന്നെ അവൻ പറഞ്ഞതു അങ്ങനെയാണല്ലോ.

തൊമ്മി (പ്രവേശിച്ചു്):— എൻെറ അച്ചോ! ആ കുരുത്തംകെട്ടവൻ ഒരു കൊണമില്ലച്ചാ, കൊണമില്ല. അവൻെറ തലയിരിക്കുന്നടത്തു കഴുത്തു വരുമ്പോൾ ലോകം മുടിയുമച്ചോ, ലോകം മുടിയും. (കൈകൂപ്പി) അച്ചോ! ഈശോമിശിഹായ്ക്കു് സ്തുതിയായിരിക്കട്ടെ. (അച്ചൻ സ്വീകരിക്കുന്നു).

റോ— (തൊമ്മിയെ രൂക്ഷമായി നോക്കുന്നു.) തൊമ്മി വന്നപാടേ അകത്തേയ്ക്കു വലിയുന്നു.

അ— മി. റോബർട്ടു്, ഇപ്പോൾ നമ്മുടെ കൺമുമ്പിൽ കണ്ടകാര്യം എന്നെ വളരെയധികം വ്യാകുലചി

ത്തനാക്കുന്നു. ഇതുപോലെ മററു കുട്ടികൾ ആവ ത്തിക്കാതിരിക്കാൻ വേണ്ടിയാണ് കുട്ടികളുടെ കാ ര്യത്തിൽ ഞാൻ ഇത്രയധികം നിഷ്ക്കഷ്ഠ പിടി ച്ചിരിക്കുന്നതു്.

റോ— എന്റെ അച്ചാ! ഇതുപോലെയുള്ള എത്ര സന്ത തികളുടെ പേക്കൂത്തുകളാണ് ലോകം ഇന്നു ദശി ച്ചുകൊണ്ടിരിക്കുന്നതു്. അവരെ നേർവഴിയിലേയ്ക്കു നയിച്ചില്ലെങ്കിൽ ലോകം മുടിയുകതന്നെ ചെയ്യും.

അ— റോബർട്ടേ! അതിനുവേണ്ടിയാണ് ഞാൻ എ ന്റെ കഴിവിന്റെ പരമാവധി വിനിയോഗിച്ചു കൊണ്ടിരിക്കുന്നതു്. ഇനി മേലിലും അങ്ങനെത ന്നെ ഉണ്ടാകുവാൻ ഞാൻ ആശിക്കുന്നു.

(ജോയി വരുന്നു.)

ജോ— അച്ചാ! എനിക്കു് കുർബാന കാണാൻ ഒരു ഇം ഗ്ലീഷ് പ്രേയർബുക്കു വാങ്ങിയാൽ കൊള്ളാമെ ന്നുണ്ടു്. അതിനു പററിയ ബുക്ക് ഏതാണെന്നു ഒന്നു പറഞ്ഞു തരാമോ.

അ— അടുത്ത ഞായറാഴ്ച വാങ്ങിച്ചു വച്ചേക്കാം. വേദ പാഠം കഴിഞ്ഞ് അങ്ങു വന്നേയ്ക്കു്.

ജോ— വേദപാഠം കഴിഞ്ഞു് പന്തുകളിയുണ്ടല്ലോ. അ തുകഴിഞ്ഞു വന്നാൽ മതിയോ.

അ— ശരി, അതു കഴിഞ്ഞു വന്നാൽ മതി.

റോ— അച്ചാ, എനിക്കീ കളിയുടെ കാര്യത്തിൽ തീ രെ അഭിപ്രായമില്ല. കുഞ്ഞുങ്ങൾ ഓടിക്കളിച്ചു് ത ളന്ന് ഉച്ചയാകുമ്പോഴല്ലേ വീട്ടിൽ വരുന്നതു്. അ തുകൊണ്ടെന്താണൊരു ഗുണം?

അ— കളികൾ പഠനം പോലെ തന്നെ പ്രധാനപ്പെട്ട താണ്. പഠനത്തിലുള്ള ശ്രദ്ധ കളികളിലും കാ ണിച്ചുകൊള്ളട്ടെ. മാനസികമായ വളർച്ചയ്ക്കു് അറിവുപോലെ, ശാരീരികമായ വളർച്ചയ്ക്കു് ക ളികൾ കൂടിയേ തീരൂ.

ജോ— അതാണച്ചാ ഞങ്ങളുടെ സാറും പറഞ്ഞതു്.

റോ— അങ്ങനെയാണെങ്കിലെനിക്കും വിരോധമില്ല. (വ്യസനസമേതം) എൻെറ അച്ചാ! ഇവനു മൂന്നു വയസ്സുള്ളപ്പോൾ ഇവൻെറ അമ്മ മരിച്ചുപോയി. പിന്നീട്ടു് എൻെറ കഴിവുപോലെ അവനെ പൊന്നുപോലെ വളത്താൻ ഞാൻ പരിശ്രമിച്ചിട്ടുണ്ടു്. ഇനിയെല്ലാം അച്ചൻെറ ഇഷ്ടംപോലെ.

അ— ഞാൻ അക്കാൎയ്യം പ്രത്യേകം ശ്രദ്ധിക്കുന്നുണ്ടു്. വേദോപദേശംകൊണ്ടു് പ്രധാനമായി രണ്ടു കാൎയ്യങ്ങളാണു ഞാനുദ്ദേശിക്കുന്നതു്. ഒന്നാമതായി, നമ്മുടെ കുഞ്ഞുങ്ങളിൽ വേണ്ടത്ര അറിവു നൽകുക. വെറും അറിവു മാത്രമല്ല. താത്വികമായും, മതാത്മകമായും ഉള്ള അറിവു നൽകുക. ഒരു പ്രതിസന്ധിഘട്ടത്തെയാണു് നാം ഇപ്പോൾ തരണം ചെയ്തുകൊണ്ടിരിക്കുന്നതു്. ദൈവം ഇല്ലെന്നും പറഞ്ഞുകൊണ്ടു് നടക്കുന്ന ഒരു ഭാഗം ആളുകളുണ്ടു്. ഇങ്ങനെയുള്ള അവസരങ്ങളിൽ നമ്മുടെ കുട്ടികൾ തെററിപ്പോകാതിരിക്കുന്നതിനു വേണ്ടത്ര അറിവു സമ്പാദിക്കേണ്ടിയിരിക്കുന്നു. രണ്ടാമതു്, ഒരു നല്ല സ്വഭാവം— (വാച്ചിൽ നോക്കുന്നു.) നമ്മുടെ കുട്ടികൾക്കു എല്ലാവരും പ്രശംസിക്കത്തക്ക ഒരു സ്വഭാവം ഉണ്ടാക്കിക്കൊടുക്കുക. വാസ്തവത്തിൽ സ്വഭാവരൂപവൽകരണം സാധിക്കുന്നതിലാണു് സൺഡേസ്ക്കൂളിൻെറ വിജയം നിലകൊള്ളുന്നതു്. അങ്ങനെ കുട്ടികളെ നല്ല പൗരന്മാരാക്കി പുറത്തേയ്ക്കു വിടുക. ഇക്കാൎയ്യത്തിൽ മാതാപിതാക്കന്മാൎക്കു് ഒരു നല്ല ചുമതലയുണ്ടു്. വേദപാഠം ഞായറാഴ്ച ഒരുദിവസം മാത്രമേയുള്ളു. അന്നാണു് അച്ചനും കുട്ടികളും തമ്മിൽ കാണുന്നതു്. ബാക്കിയുള്ള ദിവസങ്ങളിൽ മാതാപിതാക്കന്മാരാണു് ഈ കാൎയ്യങ്ങൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതു്. (വാച്ചിൽ നോക്കുന്നു) സമയം പോയി. ഇനിയും പല

വീട്ടുകൾ കയറി ഇറങ്ങേണ്ടതായിട്ടുണ്ടു്. ജോയീ, ഞാനിറങ്ങട്ടെ.

റോ— അച്ഛാ! കാപ്പി കുടിച്ചിട്ടു പോകാം. എടാ! തൊമ്മിയേ (തൊമ്മിയെ വിളിക്കുന്നു. തൊമ്മി അകത്തുനിന്നു "എന്തോ" എന്നു വിളികേൾക്കുന്നു)

അ— കാപ്പിയൊക്കെ പിന്നീടായിക്കൊള്ളാം. ജോയി നന്നായി പഠിച്ചു് ഒന്നാമനായി സമ്മാനം വാങ്ങിക്കണം.

ജോയി— ഞാൻ നന്നായിട്ടു പഠിച്ചുകൊള്ളാമച്ചാ!

(അച്ചൻ തൊപ്പിയും കുടയുമെടുത്തു പോകുവാൻ ഭാവിക്കുമ്പോൾ റോബർട്ടും ജോയിയും സ്തുതിചൊല്ലുന്നു. അച്ചൻ സ്വീകരിച്ചു പോകുന്നു.

തൊമ്മി— (പ്രവേശിച്ചു്) എന്നെ വിളിച്ചതെന്തിനാ?

റോ— കാപ്പിയായോന്നു് അറിയാനാ?

തൊമ്മി— കാപ്പി എപ്പഴേ ആയി!

റോ— എന്നാലെടുത്തു വയ്ക്കു?

(തൊമ്മി പോകുന്നു.)

റോ— ജോയിച്ചാ! അച്ചൻ പറഞ്ഞതു കേട്ടില്ലേ! നന്നായി പഠിച്ച് മിടുക്കനാകണം. വാ, കാപ്പികുടിക്കാൻ പോകാം.

കർട്ടൻ.

## രംഗം 2

### പുതുശേരി വീടിൻെറ അകത്തെ മുറി

[ഒരു മേശയും, ചാരുകസേരയും. ചാക്കോപ്പി ചാരുകസേരയിൽ ഇരിക്കുന്നു. വയസ്സ് 60]

ചാക്കോപ്പി— (ആത്മഗതം) ഹാ! ഞാനെത്രനേരമിവിടെയിരിക്കും. നേരം ഉച്ചയാകാറായല്ലോ. രണ്ടു കപ്പി അകത്താക്കേണ്ട സമയം കഴിഞ്ഞു. ആ ചെത്തുകാരൻ ശങ്കുവിനെ ഇതുവരെയായിട്ടും കണ്ടില്ലല്ലോ. അവൻ വന്നോന്ന് തിരക്കാൻ ആ നശിച്ച അവന്മാരു് രണ്ടുപേരുണ്ടായിരുന്നല്ലോ. ഒന്നിനെയൊട്ടു കാണുന്നുമില്ലല്ലോ. ശൗരി കാളയേ ഓടിച്ചോണ്ടുപോയി. മററെ ആ കൊച്ചവൻ കാക്ക എവിടെപ്പോയി? എടാ കാക്ക, എടാ, കാക്കവേ . . . അവൻ എവിടെപ്പോയിത്തുലഞ്ഞു. എൻെറ ദൈവമെ! എടാ ശൗരിയേ! എടാ . . . അവനും വന്നില്ലേ. (കോപത്തോടെ) ഇവന്മാരെവിടെപ്പോയി തുലഞ്ഞു. എൻെറ ദൈവമെ! ഹാ! ഇവന്മാരുടെ തലപോയോ. എടാ, ഇവന്മാരിത്ര ധിക്കാരികളോ. എടാ നിനക്കൊന്നും ഗുണം വരത്തില്ലടാ എൻെറ പ്രാക്കു മേടിച്ചാൽ— എടീ, എടിയേ! നിൻെറ ആ സന്തതികൾ എവിടെപ്പോയി തുലഞ്ഞെടീ അസത്തേ!

(അന്നച്ചേടത്തി പ്രവേശിക്കുന്നു)

അന്നച്ചേടത്തി— എന്നാ! ഇതിയാനീ വയസ്സുകാലത്തു ഇവിടെയെങ്ങാൻ ഇരിക്കാമ്മേലേ. അവന്മാരെന്തിയേന്നു് ഞാൻ കണ്ടോ. ചെന്നു തെരക്ക്.

ചാ— അല്ലേലും നിനക്കും നിൻെറ മക്കക്കും ഗുണം

വരത്തില്ല. എന്റെ മൂതേവി, നീയാ എന്റെ മക്ക ളേക്കൂടെ കളഞ്ഞതു്.

അന്ന– (വ്യസനത്തോടെ) ഞാനാ നിങ്ങടെ മക്കളേ ക്കളഞ്ഞതു്! നിങ്ങള് മൂത്തു നരച്ചിട്ടും ആ കടി നിറുത്തില്ല. പിള്ളേരെയെന്തിനു കുറ്റം പറയുന്നു. ഇതു കണ്ടല്ലേ അവരും പഠിക്കുന്നേ. മൂത്തതു ന ന്നെങ്കി മൂന്നും നല്ലതു്. എന്റെ ദൈവമേ, ഇ തൊക്കെ എന്റെ തലേ വിധിയാ.

ചാ– എടീ! എന്റെയടുത്തുനിന്നു് പോകാനാ പറ ഞ്ഞതു്. എന്നെ മര്യാദ പഠിപ്പിക്കാൻ വന്നിരി ക്കുന്നു! എടീ നിന്നോടു പോകാനാ പറഞ്ഞതു്. ഞാനങ്ങു വന്നാലുണ്ടല്ലോ. പഴയതൊക്കെ മറ ന്നോ.

അന്ന– എങ്ങനെ മറക്കാനാ. ആ ചെയ്തു ചെയ്തൊക്കെയ ല്ലേ, എനിക്കിപ്പം നടക്കാൻകൂടി മേലാത്തതു്. ഇതൊക്കെ കാണാനൊരുത്തൻ മുകളിലിരുപ്പുണ്ട്. നിങ്ങക്കെങ്ങനെ ഗുണംവരാനാ. അതിന്റെയൊ ക്കെ ഫലം അറിയുന്നില്ലേ. കുറെയൊക്കെ ദൈ വത്തെ ഓർത്തു നടക്കണം. അല്ലെങ്കിലിതൊന്നുമല്ല ഇതിലപ്പുറവും വരും. കണ്ടോ, ഇനി വരാൻ പോ കുന്നതേയുള്ളു.

ചാ– മതിയടീ നിന്റെ പ്രസംഗം! അതാ നല്ലതു്. (അന്നച്ചേടത്തി പോകുന്നു. ശൗരിയും, കാക്കുവും പ്രവേശിക്കുന്നു.)

ചാ– ഞാനിവിടെക്കിടന്നു ഈ വിളിയെല്ലാം വിളിച്ചി ട്ടു് നിങ്ങളെവിടാരുന്നടാ?

ശൗരി– അപ്പാ! ഞാനിപ്പോൾ പൂവട്ടത്തു പോയിട്ടു ഇങ്ങു വന്നതേയുള്ളു.

ചാ– (കാക്കുവിനോട്) നീ എവിടാരുന്നടാ?

കാക്കു– ഞാനെങ്ങും പോയില്ലപ്പാ. ഇപ്പം വിളിച്ചതു കേ ട്ടപ്പഴാണു് ഞാൻ വന്നതു്. ഞാൻ പറമ്പിലുണ്ടാ യിരുന്നു.

ചാ— ഞാൻ പിന്നെ ഇത്രേം നേരവും വിളിച്ചതു നിന്നെയല്ലാരുന്നോടാ. എടാ ശൗരി ആ പശു ക്കൾ എത്ര തൈ നശിപ്പിച്ചടാ? എടാ ഞാനാടാ അതിനു കഷ്ടപ്പെട്ടതു്. നീയൊക്കെ ഇവിടു ണ്ടാരുന്നേൽ ആ പശു കേറി മുടിപ്പിക്കുവാരു ന്നോടാ.

ശൗ— എൻെറ അപ്പാ, ഞാൻ ആ ശങ്കുവിൻെറയടുത്താ രുന്നു.

ചാ— എൻെറ മക്കളേ, ചൊവ്വേനേരെ നോക്കിയാൽ നിങ്ങൾക്കുതന്നെ. ഞാനിതെങ്ങും കൊണ്ടുപോ കുന്നില്ല. എടാ, ശങ്കു ചെത്തുകഴിഞ്ഞിതേവരെ വന്നില്ലേ?

ശൗ— അവൻ ചെത്തു കഴിഞ്ഞു വന്നിട്ടു ഒരുപാടുനേര മായല്ലോ. രണ്ടുകുപ്പികള്ളു് അകത്തുകൊണ്ടുപോ യി വച്ചിട്ടുണ്ടു്.

ചാ— എന്നിട്ടെന്തിയേടാ, ഇത്രേം നേരമായിട്ടു പറ യാഞ്ഞതു്. അതിങ്ങെടുത്തോണ്ടുവാടാ. ഒരു കോ പ്പയുംകൂടെ കൊണ്ടുവാ.

(കാക്കവും ശൗരിയും അകത്തേയ്ക്കു പോയി. മുക്കാൽ കുപ്പിവീതമുള്ള 2 കുപ്പികളും ഒരു കോപ്പയുമായി പ്ര വേശിക്കുന്നു. മേശപ്പുറത്തു വച്ചു് ശൗരി കോപ്പയി ലേയ്ക്കു് പകരാൻ തുടങ്ങുന്നു.)

ചാ— വരട്ടെടാ, വരട്ടെ. ആ ങ്ഹാ, ഇതാണോടാ ഒരുകുപ്പി കള്ളു്! ഇത്രയുമാണോടാ അവൻ തന്ന തു്? നേരുപറഞ്ഞോണം (വടിയെടുക്കുന്നു) അപ്പം ഇതാണു നിങ്ങളുടെ പണി അല്ലേ. എടാ ശൗരീ നേരു പറഞ്ഞോ. നീയാണോ ഇതെടുത്തതു്? (വ ടിയോങ്ങുന്നു.)

ശൗ— അപ്പാ! എന്തിനാണെന്നെ തല്ലുന്നതു്. ഇന്നു കള്ളു കുറവായതുകൊണ്ടു ശങ്കു ഇത്രേ തന്നുള്ളു.

ചാ— അതൊന്നറിഞ്ഞിട്ടേയുള്ളൂ ഇനി കാര്യം. എടാ കാക്കു! നീ ചെന്നാ ശങ്കുവിനോട് ഇങ്ങോട്ടു വരാൻ പറ. (കാക്കു പോകുന്നു) നിങ്ങളു കുറച്ചധികപ്പററാകുന്നുണ്ട് ഈയിടെയായിട്ട്. കുറച്ചു നാളായിട്ട് കുറേശ്ശെ കുറവു കാണുമ്പോൾ ഞാൻ വിചാരിച്ചു അത്രേ ശങ്കു കൊടുത്തൊള്ളായിരിക്കുമെന്ന്. ഇന്നു മുക്കാൽകുപ്പി, നാളെ ഇത്ര് അര കുപ്പി. ഇങ്ങനെയായാൽ പററുകില്ലല്ലോ.

(കാക്കുവും ശങ്കുവും പ്രവേശിക്കുന്നു)

ചാ— (ദേഷ്യത്തിൽ കുപ്പി കാണിച്ചുകൊണ്ട്) നീ ഇത്രേ ഇവിടെ ഊററിവച്ചുള്ളോടാ?

ശങ്കു— (പരിഭ്രമത്തോടെ) അയ്യോ! അതെന്നാ, ചാക്കോപ്പിച്ചാ അങ്ങനെ ചോദിക്കുന്നതു്? ശങ്കു ഇന്നും ഇന്നലെയും ഇവിടെ കള്ളുതരാൻ തുടങ്ങിയതാണോ. ഇവിടത്തെ പറമ്പിൽ ചെത്തു തുടങ്ങുന്നതിനു മുമ്പുതന്നെ ഇവിടെ കള്ളു തന്നുകൊണ്ടു ഇരിക്കുന്നതല്ലേ. പിന്നെയെന്നാ എന്നോടിങ്ങനെ ചോദിക്കുന്നതു്? ഞാനെന്നും നിറച്ചു തന്നെയാ കൊടുക്കുന്നേ. ഇന്നും അങ്ങനെതന്നെയാ വച്ചിരുന്നതു്.

ചാ— (വളരെ ദേഷ്യത്തോടെ) എടാ കാക്കു ...(അടിക്കുന്നു)

കാക്കു— അപ്പാ, ഞാൻ സത്യമായിട്ടും എടുത്തില്ല.

ചാ— (പിന്നെയും അടിക്കുന്നു) പിന്നെയാരാടാ എടുത്തതു്?

കാക്കു— (കരഞ്ഞുകൊണ്ട്) അയ്യോ, അയ്യോ ഞാനെടുത്തിട്ടില്ലേ. ചേട്ടനാ എടുത്തതു്.

ചാ— (ശൗരിയെ പിടിക്കുന്നു) അപ്പം നിൻെറ പണിയാണിതെല്ലാം ഇല്ലേ. തെങ്ങേ കിടക്കുന്ന തേങ്ങാ കാണുകേല, കൊടിയേലെ മൊളകു കാണുകേല (അടിക്കുന്നു)

ശൗ— (വേദനകൊണ്ടു പുളഞ്ഞു്) അയ്യോ തല്ലിക്കൊല്ലു ന്നേ. അയ്യോ. വേണ്ടപ്പാ. ഞാൻ ഇനി എടുക്ക കേലേ.

ചാ— ഇതു് എത്രാമത്തെ പ്രാവശ്യമാടാ? (അടിക്കുന്നു) നേരു പറഞ്ഞോ.

അന്ന— (അകത്തുനിന്നു്) ഇതിയാനു് മുഴു പ്രാന്താണെന്നാ തോന്നുന്നെ. അതുങ്ങളെയെല്ലാം തല്ലിക്കൊല്ലുവാ. എൻെറ കർത്താവേ.

(ചാക്കോപ്പി പിള്ളേരെ വിട്ടിട്ടു് വടിയുമായി അകത്തേയ്ക്കോടുന്നു. അകത്തു് അടിയുടെ ശബ്ദം. അന്നച്ചേടത്തിയുടെ കരച്ചിൽ. ഈ തക്കം നോക്കി ശങ്കവും പിള്ളേരും പമ്പകടക്കുന്നു.)

ചാ— (വീണ്ടും പ്രവേശിച്ചു്) അവന്മാരു പോയോ. ഇങ്ങോട്ടു വരട്ടെ. അമ്മേം മക്കളും! ആരും ഇവിടെ വേണ്ടാ. എല്ലാം ഇറങ്ങിക്കോ. മുടിക്കാനായിട്ടു കെടക്കുന്നു. (കസേരയിൽ ഇരുന്നു കള്ളുററി കുടിക്കുന്നു. മുഴുവൻ കുടിച്ചുശേഷം കുപ്പിയും, കോപ്പയും മേശയുടെ അടിയിൽ വയ്ക്കുന്നു)

(വികാരിയച്ചൻ പ്രവേശിക്കുന്നു. ചാക്കോപ്പി സ്തുതി ചൊല്ലുന്നു. അച്ചൻ സ്തുതി സ്വീകരിച്ചുശേഷം കസേരയിൽ ഇരിക്കുന്നു)

അച്ചൻ— ചാക്കോപ്പിച്ചേട്ടനു് സുഖം തന്നെയല്ലേ. മക്കൾ ശൗരിയും കാക്കവും എവിടെ?

ചാ— അവരിപ്പം ഇവിടെയുണ്ടായിരുന്നു. എങ്ങോട്ടുപോയോ. അച്ചനെന്തിനാ ചോദിച്ചെ?

അച്ച— അവരെ കുറെനാളായി വേദപാഠത്തിനൊന്നും കാണാറില്ല. എന്താ അവരെ വിടുന്നില്ലേ?

ചാ— അവർ രണ്ടുപേരും എല്ലാ ഞായറാഴ്ചയും വേദപാഠത്തിനാണെന്നും പറഞ്ഞു് പോകാറുണ്ടല്ലോ. പിന്നെ അവിടെ വരുന്നോന്നു് ഞാൻ അന്വേഷിക്കാറില്ല.

അച്ച— ചാക്കോപ്പിച്ചേട്ടൻ അവരുടെ കാര്യത്തിൽ

കുറേക്കൂടി ശ്രദ്ധ കാണിച്ചാൽ കൊള്ളാം. അവരുടെ നടപടികൾ കുറച്ചു മോശമാണെന്നാണ് ഞാൻ കേൾക്കുന്നതു്. പിന്നെ മാതാപിതാക്കന്മാരുടെ മാതൃക കണ്ടാണ് അവർ പഠിക്കുന്നതു്. ചാക്കോപ്പിച്ചേട്ടൻ കുറെക്കൂടി ശ്രദ്ധ പതിപ്പിച്ചു് അവരെ എല്ലാ ഞായറാഴ്ചയും വേദപാഠത്തിനയയ്ക്കണം. ഒരു ക്രിസ്തീയ കുടുംബത്തിന്റെ ചുമതല മക്കളെ നല്ലവഴിയിൽ വളർത്തുകയെന്നുള്ളതാണ്. ഞാനൊന്നു ചോദിക്കട്ടെ, ചാക്കോപ്പിച്ചേട്ടൻതന്നെ ഞായറാഴ്ച പള്ളിയിൽ വരാറുണ്ടോ? പിന്നെയെന്തിനു കുട്ടികളെ കുററം പറയുന്നു. നമ്മുടെ അവസാനകാലത്തു നാം ദുഃഖം അനുഭവിക്കാതിരിക്കണമെങ്കിൽ കുട്ടികളുടെ ഓരോ കാലടി വയ്പിലും ശ്രദ്ധിക്കണം. പിഴച്ച കാൽവയ്പുകൾ തിരിച്ചു ശരിയാക്കുക. അല്ലെങ്കിൽ അന്ത്യവേളയിൽ അവരെയോർത്തു ദുഃഖിക്കേണ്ടിവരും. (തിരിഞ്ഞു ചാക്കോപ്പിയോടു) ഞാൻ പറഞ്ഞ കാര്യങ്ങൾക്കനുസരിച്ചു പ്രവർത്തിച്ചാൽ അതിന്റെ ഗുണം ചാക്കോപ്പിച്ചേട്ടനു തന്നെയാണ്. (വാച്ചിൽ നോക്കി) സമയമായി ഇറങ്ങട്ടെ (പോകുന്നു)

ചാ— (ആത്മഗതം) ഓ. കൊറെ അച്ചന്മാരു ഇറങ്ങീട്ടുണ്ടു്, ലോകം നന്നാക്കാൻ! ഇപ്പോൾ എന്നെ നന്നാക്കാൻ വന്നിരിക്കയാണ്. ഇതുപോലെയുള്ള എത്ര അച്ചന്മാരെ ഞാൻ കണ്ടിരിക്കുന്നു! എന്റെ കാര്യം ഞാൻ നോക്കിക്കൊള്ളാം. ഹും! കാണട്ടെ. എന്തേരെയാകുമെന്ന്.

കർട്ടൻ

## രംഗം 3

### ചാക്കോപ്പിച്ചേട്ടൻെറ വീടിനടുത്തു് ഒരുപ്രദേശം

[ശൗരീയും കാക്കവും ഇരുന്നു സംസാരിക്കുന്നു]

ശൗരി— എടാ കാക്ക, അപ്പൻെറ തല്ലുകൊണ്ടു് ഞാൻ ഇവിടെ നിൽക്കുന്നില്ല. ഒന്നു കാണട്ടെ ഇനി ത ല്ലാൻ വരുന്നതു്. ഇവിടത്തെ അച്ചനെ പേടി ച്ചുവേണം വഴിയെ നടക്കാൻ. എടാ ഞാനിന്നു പൂവട്ടത്തു ചെന്നപ്പം അങ്ങേരു് ആണടാ അവി ടെ. എന്നോടു ഉപദേശത്തിനു വന്നു. ഞാനതു ഗൗനിച്ചില്ല. ഞാനിങ്ങു പോന്നു. എനിക്കീ വേദ പാഠവും, കത്തനാർപൂജയും ഒന്നും വേണ്ട. അ ങ്ങേരു കെടന്നൊരു കത്തനാരു കളിക്കുന്നു! അ ങ്ങേക്കു പള്ളിമുറിയിലെങ്ങാൻ ഇരിക്കാന്മേലേ.

കാക്ക— ചേട്ടാ അങ്ങനെ പറയരുതു്. നമ്മുടെ ഗുണ ത്തിനാ അച്ചന്മാരിങ്ങനെ പറയുന്നതു്. ഇപ്പം പുതുതായി വന്നിരിക്കുന്ന അച്ചൻ എത്ര നല്ല അ ച്ചനാ. അങ്ങേരു വന്നതിൽ പിന്നെ വേദപാഠ ത്തിനു പിള്ളേരുടെ എണ്ണം വളരെ കൂടി. വേദ പാഠം കഴിഞ്ഞു് പന്തുകളിയുണ്ടെന്നു് പൂവട്ട ത്തെ ജോയി പറഞ്ഞു. നമുക്കും ഞായറാഴ്ചമുതൽ വേദപാഠത്തിനു പോകണം.

ശൗ— ഓ! അവനും ആ ജോയിയേപ്പോലെ ഒരു നല്ല പിള്ള ചമയുന്നു! എടാ! നിൻെറ ജോയിയേയും, ശങ്കുവിനേയുമാടാ എൻെറ നോട്ടം. നീ വേണേ പൊയ്ക്കോ. ഞാനാ കത്തനാരുടെ കാലു പിടി ക്കാൻ അങ്ങോട്ടില്ല. നിൻെറ പൂവട്ടത്തെ ജോയി! അവനെക്കൊണ്ടെന്തിനു കൊള്ളാമെടാ, പ്രാർത്ഥി ക്കാനും, പള്ളിയിൽ പോകാനും അല്ലാതെ! നീ

എന്നെ കണ്ടുപഠിക്ക്. എന്നെപ്പോലെ ധൈര്യം ആ ക്കുണ്ട്. ഇന്നാ ചെത്തുകാരൻ ശങ്കുവിനെ നമുക്കു മര്യാദ പഠിപ്പിക്കണം. അവന്റെ കള്ളു മുഴുവനും ഊററിക്കുടി കഴിഞ്ഞ് അവന്റെ മാട്ടം മുഴുവനും തല്ലിപ്പൊട്ടിക്കണം. അവൻ കാരണമല്ലേ ഇന്നാളു നമ്മൾ തല്ലുകൊണ്ടതു്.

കാക്കു– എന്തിനാ ചേട്ടാ, ആ സാധുവിനെ ഉപദ്രവിക്കുന്നതു്. വെറുതേ അയാളുടെ വയററിപ്പിഴപ്പു മുട്ടും. അവൻ നേരല്ലേ അപ്പന്റെയടുത്തു പറഞ്ഞതു്.

ശൗ– (പുച്ഛരസത്തിൽ) അവന്റെ നേരു്! അതിന്റെ ഫലം എന്താണെന്നു് ഞാൻ കാണിച്ചു കൊക്കാം. നല്ല അപ്പൻ! എന്നെ തല്ലുന്ന അപ്പനെ അതിന്റെ അനുഭവം എന്താണെന്നു് ഞാൻ കാണിച്ചുകൊടുക്കാം. നീ ഇനു കണ്ടോ. പടിഞ്ഞാറേ പറമ്പിലേ കൊടിയേലെ മുളകു് ഒരൊററ അരളും കൂടാണ്ടു ഞാൻ പറിച്ചെടുക്കും. കിണററുകരയിലേ തൈതേ്ലെ ഒററ വെള്ളയ്ക്കാപോലും കാണില്ലേ്ലെ.

കാക്കു– എന്തിനാ ചേട്ടാ, വെറുതേ അപ്പന്റെ നേരേ ദേഷ്യപ്പെടുന്നതു്? അപ്പൻ കാരണംകൂടാതെയല്ലല്ലോ നമ്മെ തല്ലിയതു്. നമ്മുടെ ഗുണത്തിനു വേണ്ടിയല്ലേ അപ്പൻ നമ്മെ തല്ലുന്നതു്.

ശൗ– (പുച്ഛരസത്തിൽ) അവൻ ഒരു വേദാന്തി! നീ എന്റെ അടുത്തുനിന്നു് പൊയ്ക്കോ. (ഗൗരവത്തിൽ) ഞാനിപ്പോൾ പറഞ്ഞതെല്ലാം അപ്പന്റെ അടുത്തുചെന്നു പറഞ്ഞാലുണ്ടല്ലോ. പിന്നെ നിന്നെ ഞാൻ ബാക്കിവെച്ചേക്കില്ല. ഏം, ഓടടാ എന്റെയടുത്തുനിന്നു്. ധൈര്യമില്ലാത്ത പട്ടി. (കാക്കു കരഞ്ഞുകൊണ്ടു് പോകുന്നു)

ശൗ– നീ അങ്ങു ചെന്നു പറഞ്ഞാലും എനിക്കിട്ടാരും ഒന്നും ചെയ്യാനില്ല. ഇനി ശങ്കുവിന്റെ കള്ളെടു

ത്തിട്ട മററു കാര്യം. (അകത്തേയ്ക്കു പോകുന്നു. കുറെ കഴിഞ്ഞു രണ്ടു മാട്ടവുമായി പ്രവേശിക്കുന്നു. മാട്ടത്തിൽ വിരൽ ഇട്ടു രുചിച്ച ശേഷം ഹ! ഹ! നല്ല ഒന്നാം ക്ലാസ്സ്, മാട്ടത്തോടെ കുടിച്ച ശേഷം മാട്ടം നിലത്തെറിഞ്ഞു പൊട്ടിക്കുന്നു.)

(ശങ്കു കക്ഷത്തിൽ ചെത്തുസാമാനങ്ങളുമായി പ്രവേശിക്കുന്നു.)

ശങ്കു— എന്നാ ശൗരിച്ചാ, ഇവിടെ നിൽക്കുന്നതു്?

ശൗ— നീയാരാടാ എന്നോടു ചോദിക്കാൻ!

ശങ്കു— അയ്യോ എന്നോടെന്തിനാ ഇങ്ങനെ കെറുവിക്കുന്നതു്. (മാട്ടം പൊട്ടിക്കിടക്കുന്നതു കണ്ടിട്ടു്) അയ്യോ! ഇതെന്റെ മാട്ടമല്ലേ ഈ പൊട്ടിക്കിടക്കുന്നതു്. ശൗരിച്ചനാണോ ഇതു ചെയ്തതു്?

ശൗ— നീ അപ്പനോടു പറഞ്ഞു് എന്നെ തല്ലു കൊള്ളിക്കും ഇല്ലേ? അതിനു ഇങ്ങനെയാണു് അനുഭവിക്കേണ്ടതു്. മനസ്സിലായോ?

ശങ്കു— (വ്യസനത്തോടെ) എന്നോടു് ഇതു് ചെയ്തതിനു് ദൈവം ചോദിച്ചോളും. ഞാൻ ചാക്കോപ്പിച്ചനെ ഒന്നു കാണട്ടെ.

ശൗ— ഹും, നീ പറയും ഇല്ലേ. (അടിക്കുന്നു) എന്നാൽ ഇതുംകൂടെ ചെന്നു പറ. (വീണ്ടും അടിക്കുന്നു.)

ശങ്കു— അയ്യോ എന്നെ തല്ലിക്കൊല്ലുന്നേ. ഓടിവായോ ("എന്നതാടാ ശങ്കു" എന്നു ചോദിച്ചുകൊണ്ടു് ചാക്കോപ്പി വടിയുമായി പ്രവേശിക്കുന്നു.)

ശങ്കു— ചാക്കോപ്പിച്ചാ, ഈ ശൗരിച്ചൻ എനിക്കിട്ടു തല്ലി. ഇന്നുവരെ എന്റെ ദേഹത്തു ആരും തൊട്ടിട്ടില്ല. ഇതെനിക്കു വല്യ സങ്കടമുള്ള കാര്യമാണേ.

ചാ— ആങ്ഹാ എടാ ശൗരി. ശങ്കു പറഞ്ഞതു നേരാണോടാ നീ അത്രയ്ക്കായോ? (അടിക്കുന്നു)

ശൗ— അപ്പാ, കാര്യം കൂടാതെ എന്നെ തല്ലരുതു്.

ചാ— നിന്നെ തല്ലിയാൽ നീയെന്തുചെയ്യുമെടാ. നീ എന്നോടു നേരേനിന്നു പറയാറായില്ല.

ശൗ— (ഗൗരവത്തിൽ) അപ്പാ, കാര്യം കൂടാതെ എന്നെ തല്ലിയാൽ ഉണ്ടല്ലോ.

ചാ— ഏഹം! നീ എന്താ ചെയ്യുമെടാ. (അടിക്കുന്നു ശൗരി വടിക്കു പിടിക്കുന്നു. ചാക്കോപ്പി പിന്നെയും അടിക്കുന്നു.)

ശൗ— (അലർച്ചയോടെ) എന്നെ തൊടരുതു്. ഇനിയെന്നെ തൊട്ടാലുണ്ടല്ലോ (വടി പിടിച്ചുമേടിച്ചു ഒടിച്ചുകളയുന്നു)

ചാ— (വളരെ ഉച്ചത്തിൽ) ആങ്ഹാ, അത്രക്കായോ. എടാ ശങ്കു, ഇവനെ പിടിച്ചു കെട്ടു്. ഒന്നു കാണാമല്ലോ ഇവൻെറ മൂച്ചു്. (ശബ്ദകോലാഹലങ്ങൾകേട്ടു് ജോയി സ്ക്കൂളിൽ പോകുന്ന വേഷത്തിൽ പ്രവേശിക്കുന്നു.)

ജോ— എൻെറ സ്നേഹിതാ, ശൗരി, നീ എന്താണീ ചെയ്യുന്നതു്? നിൻെറ അപ്പനോടു് ഇങ്ങനെയാണോ നീ സംസാരിക്കുന്നതു്!

ശൗ— ഫൂ! കള്ളസന്യാസി! നിനക്കെന്താകാര്യം ഇവിടെ?

ജോ— എൻെറ കൂട്ടുകാരാ, നിൻെറ ഇഷ്ടംപോലെ എന്നോടു് എന്തുവേണമെങ്കിലും പറഞ്ഞുകൊള്ളൂ. എന്നാലും, നിൻെറ അപ്പനോടിങ്ങനെയാണോ നീ ചെയ്യുന്നതു്?

ശൗ— പോകാനല്ലേ പറഞ്ഞതു്! നിൻെറ ഉപദേശം ഇവിടെ ആവശ്യമില്ല. വിളിക്കുമ്പോൾ വന്നാൽ മതി.

ചാ— അവൻ പോയില്ലെങ്കിൽ നീ എന്തുചെയ്യുമെടാ? അവനോടു പോകാൻ പറയാൻ നിനക്കെന്താ അധികാരം?

ജോ— എന്റെ സഹോദരാ ഞാൻ പൊയ്ക്കൊള്ളാം. എന്നാലെങ്കിലും നിന്റെ കോപം തീരുമല്ലോ.

ചാ - ജോയിച്ചാ, പോകാൻ വരട്ടെ. ഇവനെന്തുചെയ്യുമന്നു് കാണട്ടെ. വാടാ ശങ്കു, ഇവനെ പിടിച്ചു കെട്ടാമടാ.

ശംഖ— തന്തയെന്നുള്ള നില ഞാൻ മറക്കും, എന്റെ ദേഹത്തു തൊട്ടാൽ. എടാ ശങ്കു, എന്നെ പിടിച്ചാൽ നിനക്കു നാശം. മാറിനില്ലെടാ (ഓടുന്നു.)

ചാ— (ആത്മഗതം) എന്റെ ദൈവമേ, ലോകം മുടിയുമല്ലോ, ഇങ്ങനെത്തെ നശിച്ച മക്കൾ ലോകത്തിലുണ്ടായാൽ. അല്ല, ഇനി എന്നാ നശിക്കാനുള്ളതു്. എല്ലാം പോയി. ഇവന്മാരുടെ എല്ലാം മൂച്ചു താനേ തീൎന്നുകൊള്ളും. അല്ല കണ്ടില്ലേ അവന്റെ ധിക്കാരം! ഇനി എന്റെ കുടുംബത്തിൽ കാലുകുത്തിപ്പിക്കത്തില്ല. ജോയിച്ചാ, മോൻ സ്ക്കൂളിൽ പോസ്റ്റോ. വാടാ ശങ്കു, നമുക്കു പോകാം. നിന്റെ നഷ്ടം ഞാൻ തന്നുകൊള്ളാം.

കർട്ടൻ.

## രംഗം 4

### പൂവട്ടത്തുവീടിൻെറ അകത്തെ മുറി

[ഒരു ചെറിയ മേശമേൽ ഒരു മേശവിളക്ക്, തിരുക്കുടുംബത്തിൻെറ ഫോറയിം, രണ്ടു മെഴുകുതിരികാം, ഒരു ഫ്ളവർ ബേസ് മുതലായവ.]

(റോബർട്ടു പ്രവേശിക്കുന്നു)

റോബ— എടാ തൊമ്മിയേ, തൊമ്മീ.

(“എന്തോ” എന്നു വിളികേട്ട് തൊമ്മി പ്രവേശിക്കുന്നു)

റോ— ജോയിച്ചൻ കുളികഴിഞ്ഞു വന്നോ? എനിക്കു കുളിക്കാൻ വെള്ളം ചൂടായോ?

തൊമ്മി— സാറേ, എല്ലാം ഇപ്പത്തന്നെ ശരിപ്പെടുത്താം. ഈ തൊമ്മിയല്ലേ ഉള്ളതു്. ജോയിച്ചൻ കുളികഴിഞ്ഞു് ഇപ്പോൾ വരും.

(ജോയിച്ചൻ പ്രവേശിക്കുന്നു)

ജോയി— അപ്പച്ചൻ കുളിച്ചോ? പ്രാൎത്ഥന ചെല്ലാറായല്ലോ.

റോ— ആ സോപ്പും തോൎത്തും എവിടെയാ വച്ചിരിക്കുന്നതു്?

ജോ— തൊമ്മിച്ചേട്ടോ, ആ വടക്കേ മുറിയിലെ അലമാരിപ്പുറത്തു സോപ്പുപെട്ടിയിരുപ്പുണ്ടു്. അതും ആ തോൎത്തുംകൂടെ കുളിമുറിയിൽ കൊണ്ടുപോയി വച്ചിട്ടു വാ.

തൊ— (അകത്തുനിന്നു) ഉവ്വം, കൊണ്ടെവച്ചേക്കാവേ.

റോ— ഞാൻ കുളികഴിഞ്ഞിട്ടു വരാം. നീ ഇവിടെ വല്ലതും വായിച്ചുകൊണ്ടിരിക്ക് (പോകുന്നു.)

ജോ— (പുസ്തകമെടുത്തു വായിക്കുന്നു) തൊമ്മിച്ചേട്ടാ,

ജോലിയെല്ലാം വേഗം തീൎത്തിട്ട് പ്രാൎത്ഥന ചെ
ല്ലാൻ വാ.

തൊ— (പ്രവേശിച്ച്) എന്റെ ജോലിയെല്ലാം തീൎന്നു.
ഞാനിപ്പഴേ റെഡിയാ.

ജോ— തൊമ്മിച്ചേട്ടനു് ഇത്രയും പ്രായമായില്ലേ. ഈ
നമസ്കാരങ്ങളൊക്കെ അറിയാമോ?

തൊ— എന്റെ കുഞ്ഞേ, ആ കാൎയ്യം എന്നാ പറയാനാ.
മുമ്പ് എനിക്കൊരു കല്യാണാലോചന വന്നു. വ
ടക്കേങ്ങാണ്ടൂന്നാരുന്നു. അന്നാണു് ഞാൻ നമ
സ്കാരപുസ്തകം തൊറന്നു നോക്കുന്നതു്. ഞാൻ ഒ
ത്തിരിയൊക്കെ വായിച്ചു. ഒന്നും തലേൽക്കേടന്നില്ല.

ജോ— എന്നിട്ടു ആ കല്യാണം നടന്നോ?

തൊ— എന്റെ കുഞ്ഞേ, അക്കാൎയ്യം പറയുകയാണേൽ
നേരം ഇതൊന്നും പോരാ. അന്നു ഞങ്ങടെ പ
ള്ളീലിരുന്നതു് എങ്ങാണ്ടത്തുകാരൻ ഒരു ഫ്റാൻ
സീസച്ചനായിരുന്നു. കുറച്ചു മൎയ്യാദക്കാരനാന്നുക
ണ്ടോ. അങ്ങേരുടെ അടുത്തു നമസ്കാരം കേൾപ്പി
ക്കാൻ ചെന്നു. അങ്ങേരു എതാണ്ടെല്ലാം എന്നോടു
ചോദിച്ചു. എനിക്കു വല്ലതുമറിയാവോ. അങ്ങേ
രാണ്ടടാ എന്റെ നേരേ പുലി ചാടുന്നതുപോ
ലെ ഒരു ചാട്ടം. ഞാൻ ഉൗരും കൊണ്ടോടി. വീ
ട്ടിൽ ചെന്നിട്ടു തിരിഞ്ഞു നോക്കി, അച്ചൻ പുറ
കേയൊണ്ടോന്നു്. അന്നു ഞാൻ കോലൊടിച്ചിട്ട
താ ഞാൻ കല്ല്യാണം കഴിച്ചില്ലേലും അച്ചന്മാരു
ടെ അടുത്തു പോകുകയില്ലെന്നു്.

ജോ— അച്ചന്മാരെക്കുറിച്ചു് അങ്ങനെയൊന്നും പറയ
രുതു്. അവർ തീർച്ചയായും അവരുടെ കടമകൾ
പാലിക്കേണ്ടവരാണു്. വേണ്ടത്ര ഒരുക്കം കൂടാതെ
ഒരു കൂദാശയും കൊടുക്കുവാൻ പാടില്ല. അല്ലാത്തപ
ക്ഷം അവർ ദൈവത്തിന്റെ കല്പനകൾ ലംഘി
ക്കുകയാണു് ചെയ്യുന്നതു്. വിവാഹം എന്ന കൂദാ
ശയുടെ ഒരുക്കമാണു് നമസ്കാരങ്ങളെല്ലാം പഠി

ക്കകയെന്നുള്ളതു്. പിന്നെ വൈദീകരും മനുഷ്യ രാണു്. ദേഷ്യം, സങ്കടം മുതലായ മാനസിക വികാരങ്ങൾ അവക്കുമുണ്ടു്. തൊമ്മിച്ചേട്ടൻ നമസ്ക്കാരം പഠിക്കാതെ ചെന്നപ്പോൾ അച്ചനു ഒരുപക്ഷേ ദേഷ്യം ഉണ്ടായെന്നു വരാം. പക്ഷേ അതു സ്വാഭാവികമാണു്.

(റോബർട്ടു് കളികഴിഞ്ഞു പ്രവേശിക്കുന്നു.)

റോ— ജോയീ, തിരി കൊളുത്തു്. പ്രാർത്ഥന ചൊല്ലാൻ തുടങ്ങാം.

തൊ— അയ്യോ, നിക്കു്, നിക്കു്. ഞാനൊരു കാര്യം മറന്നുപോയി. ഞാൻ കോഴിക്കൂടടച്ചിട്ടു വരട്ടെ.

റോ— വേണ്ട. പ്രാർത്ഥന കഴിഞ്ഞിട്ടു് അടച്ചാൽ മതി. (എല്ലാവരും പ്രാർത്ഥന തുടങ്ങുന്നു. റോബർട്ടു് "പരലോക രാജസ്ത്രീയേ" എന്ന ജപം ചൊല്ലുന്നു. പ്രാർത്ഥന പകുതിയാകുമ്പോൾ തൊമ്മി എഴുന്നേററു് അകത്തേയ്ക്കു് ഓടുന്നു. പ്രാർത്ഥന കഴിഞ്ഞു ജോയി സ്തുതിപ്പു പാടുന്നു. അതിനുശേഷം പുസ്തകമെടുത്തു വായിക്കുന്നു)

റോ— എടാ തൊമ്മിയേ

തൊ— (പ്രവേശിക്കുന്നു. മുടി ചിതറിക്കിടക്കുന്നു.)

റോ— എന്താടാ അവിടെ ബഹളം കേട്ടതു്?

തൊ— (അണച്ചുകൊണ്ടു്) എൻെറ ചേട്ടാ ഒരു കള്ളൻ നമ്മുടെ വീട്ടിൽ കേറി മോഷ്ടിക്കാൻ വന്നു.

റോ— (ആശ്ചര്യത്തോടെ) കള്ളനോ? എന്നിട്ടു്?

തൊ— ഞാനാ സ്വരം കേട്ടു ചെന്നപ്പോൾ അവൻ പെട്ടിയിൽനിന്നു് എന്തോ എടുക്കുന്നു. ഞാൻ വിട്ടില്ല. അവനെ വിടുന്നില്ല എന്നു കണ്ടു് അവൻ ഒററച്ചാട്ടം. ഞാൻ വിട്ടില്ല. അടിച്ചു് തവിടുപൊടിയാക്കി അതാ അവിടെ ഇട്ടിരിക്കുന്നു.

റോ— എന്നിട്ടു്, അവനു വല്ലതും പററിയോടാ?

തൊ— പററാനൊന്നുമില്ല. അവനെ ഞാൻ കൊന്നു ശരിപ്പെടുത്തി.

റോ— (ഞെട്ടിക്കൊണ്ട്) കൊന്നോ, എവിടെ?
തൊ— വാ ചേട്ടാ, ആണ്ടെ അകത്തു കിടക്കുന്നു. (റോബർട്ടും തൊമ്മിയും പോകുന്നു)
(അണിയറയിൽ തൊമ്മി, "തേണ്ടെ കിടക്കുന്നു ചേട്ടാ." റോബർട്ടു പൊട്ടിച്ചിരിക്കുന്നു)
റോ— (ചിരിച്ചുകൊണ്ടു പ്രവേശിക്കുന്നു) എൻെറ മകനേ, ആ മറയൻ എന്നെ വല്ലാതെ പേടിപ്പിച്ചു കളഞ്ഞു. അവൻ പറഞ്ഞതു കേട്ടപ്പോൾ ഞാൻ വിചാരിച്ചു വല്ല മനുഷ്യരെയുമായിരിക്കുമെന്ന്. അകത്തു ചെന്നപ്പോൾ ഒരു എലിയെയാണ് തല്ലിക്കൊന്നിട്ടിരിക്കുന്നതു്. (റോബർട്ടും ജോയിയും ചിരിക്കുന്നു) എടാ, തൊമ്മി! നീ ഇനി മേലാൽ പ്രാർത്ഥിക്കുന്ന സമയത്തു എന്തുണ്ടായാലും ഇവിടെ നിന്നു് പ്രാർത്ഥിക്കണം. പ്രാർത്ഥന ചൊല്ലുന്ന സമയത്തല്ലായിരുന്നുവെങ്കിൽ നീ ഇത്ര ബദ്ധപ്പെട്ടു് ഓടി ചെല്ലുമായിരുന്നോ?
തൊ— എൻെറ ചേട്ടാ, ഇനി പെരയ്ക്കു തീ പിടിച്ചെന്നുവച്ചാലും പ്രാർത്ഥിക്കുന്ന സ്ഥലത്തുനിന്നു് ഞാൻ എഴുന്നേൽക്കുകയില്ല.
റോ— അങ്ങനെയുള്ളതു വേണ്ടെന്നല്ല ഞാൻ പറഞ്ഞതു്. അതുപോലെയുള്ള അത്യാവശ്യങ്ങൾ വന്നാൽ ചിലപ്പോഴെല്ലാം എഴുന്നേൽക്കേണ്ടി വരും. ശരി, നീ അകത്തേയ്ക്കു് പൊയ്ക്കോ. (തൊമ്മി പോകുന്നു)
റോ— മകനേ! നിന്നോടു ഒരുകാര്യം ചോദിക്കണമെന്നു രണ്ടു മൂന്നു ദിവസമായിട്ടു ഞാൻ വിചാരിക്കുന്നു. വേറൊന്നുമല്ല, നിൻെറ ഭാവി ജീവിതത്തെപ്പററിയാണ്. മകനേ, നിന്നോടു് അധികമൊന്നും പറഞ്ഞു മനസ്സിലാക്കേണ്ടതായിട്ടില്ല. അതിനുവേണ്ട പ്രായവും, അറിവും നിനക്കായിട്ടുണ്ടു്. അതേപ്പററി പറഞ്ഞുമനസ്സിലാക്കാനായിട്ടാണെങ്കിൽ(സ്വരം ഇടറുന്നു) നിനക്കു മൂന്നു വയസ്സുള്ളപ്പോൾ നിൻെറ പ്രിയമാതാവു് നമ്മെ വിട്ടുപോയി. നീ

ഷ്മതന്തസ്സ് സ്വീകരിക്കാനാണ് തീരുമാനിച്ചിട്ടുള്ളതു്?

ജോ— (സ്വല്പം ആലോചിച്ചിട്ട്) എനിക്കു് വൈദീകാന്തസ്സിൽ പ്രവേശിക്കണമെന്നാണ് ആഗ്രഹം.

റോ— നമ്മുടെ പരിതഃസ്ഥിതികളും, മററും ആലോചിച്ചിട്ടാണോ, ഇങ്ങനെയൊരു തീരുമാനമെടുത്തതു്?

ജോ— ഞാൻ വേണ്ടതുപോലെ ആലോചിക്കുകയും ഇക്കാര്യത്തിൽ ദൈവേഷ്ടം എന്താണെന്നറിയാൻ പ്രത്യേകം പ്രാത്ഥിക്കുകയും ചെയ്തിട്ടുണ്ട്.

റോ— എൻെറ മകനേ, എനിക്കു ഈ വയസ്സുകാലത്തു നീയല്ലാതെ വേറാരും ഇല്ലെന്നു നിനക്കറിയാമല്ലോ. എന്നാൽ ദൈവത്തിൻെറയിഷ്ടമാണ് നിറവേറണ്ടതു്. ഇതു നിൻെറ അവസാന തീരുമാനം തന്നെയാണോ?

ജോ— അതേ അപ്പച്ചാ; അപ്പച്ചൻ അക്കാര്യത്തിൽ വിഷമിക്കരുതു്. അപ്പച്ചൻെറ കാര്യങ്ങൾ ദൈവം നടത്തിക്കൊള്ളും. അപ്പച്ചാ, കോളജു വിദ്യാഭ്യാസംകൂടികഴിഞ്ഞു് വൈദീകപഠനത്തിനു് പോകണമെന്നാണ് ഞാൻ ഉദ്ദേശിക്കുന്നതു്. പിന്നെ എനിക്കു് വേറൊരാഗ്രഹംകൂടിയുണ്ട്. നമ്മുടെ ചാക്കോപ്പിച്ചേട്ടൻെറ മകൻ ശൗരിയിപ്പോൾ മഹാദുർമ്മാർഗ്ഗിയായിട്ടു നടക്കുന്നെന്നാണ് കേട്ടതു്. ഇടയ്ക്കൊക്കെ ഞാൻ അവനെ കാണാറും വിളിക്കാറുമുണ്ടെങ്കിലും അവൻ മുഖം തിരിച്ചു നടക്കുകയാണ് ചെയ്യുന്നതു്. അവനെയൊന്നു തിരിച്ചുകൊണ്ടുവരണമെന്നുള്ള ആഗ്രഹം എനിക്കു മുമ്പുമുതലുള്ളതാണ്.

റോ— ഓ, അവനിനി നന്നാകാൻ പോകുന്നോ? കതിരേൽ വളംവച്ചാൽ ഫലിക്കുമോ?

ജോ— അങ്ങനെയല്ലപ്പച്ചാ! ഒരുത്തരും തീരെ ദുഷ്ടന്മാരല്ല. ഓരോ ദുഷ്ടനിലും നല്ലവശങ്ങൾ ഉള്ളിൽ

മറഞ്ഞുകിടപ്പുണ്ട്. പക്ഷേ, ചീത്ത വശങ്ങൾ അവയെ അമർത്തിക്കളയുന്നു. ആരെങ്കിലും വേണം ആ നല്ല വശങ്ങൾ വികസിപ്പിച്ച് പ്രകാശിപ്പിക്കാൻ എന്നേയുള്ളു.

റോ— അവൻ നന്നാകരുതെന്നല്ല ഞാൻ പറയുന്നതു്. നമ്മൾ ഒരേ കുടുംബക്കാരല്ലേ. അവന്റെ മാനസാന്തരത്തിനുവേണ്ടി ഞാൻ പ്രത്യേകം പ്രാർത്ഥിക്കാം. ആട്ടെ, നമുക്കിനി അത്താഴം കഴിക്കാം. എടാ തൊമ്മിയേ, അവൻ കിടന്നുറക്കം പിടിച്ചുകാണും. വരൂ.

കർട്ടൻ

## രംഗം 5

### ആരണ്യം

[രണ്ടു തസ്ക്കരന്മാർ മോഷണം നടത്തുവാൻ പല തന്ത്രങ്ങളും ആലോചിച്ചുകൊണ്ടിരിക്കുന്നു. പാതിരാ സമയം.]

ഒന്നാമൻ– എടാ, ഈ രാത്രി അങ്ങനെ ചുമ്മാ കളഞ്ഞാൽ ഒക്കുമോടാ?

രണ്ടാമൻ– അതു തന്നെയാ ഞാനും ആലോചിക്കുന്നതു്. ഏതു മുതലാളിയെയാടാ തുലയ്ക്കേണ്ടതു്. നേരം വെളുക്കുന്നതിനു മുമ്പല്ലെങ്കിൽ പ്ലാനൊന്നും നടക്കത്തില്ലടാ.

ഒന്നാ– എടാ, രാത്രി നമ്മുടെ ബിസിനസ്സ നടത്തിയാൽ ഒന്നും തികയത്തില്ലടാ. ഇനി പകലു സമയം കൂടി കളവു നടത്തണം.

രണ്ടാ– എടാ, ഒരു കാര്യം ഉണ്ടു്. പകൽ പോലീസ് മൂരാച്ചികളുടെ ശല്യം മൂലം നമ്മുടെ മുടിവൊന്നും നടക്കത്തില്ലടാ. പോരാഞ്ഞിട്ടു് നമ്മളെയൊക്കെ നോട്ടപ്പുള്ളികളാക്കിയിട്ടിരിക്കുവാ.

ഒന്നാ– അതിനു് എന്തെങ്കിലും ഒരു സൂത്രം കണ്ടുപിടിക്കണം. നീ എന്തെങ്കിലും ഒരു വഴി കണ്ടുപിടിക്ക്. ഞാനും ആലോചിക്കാം. പററിയ തന്ത്രം കണ്ടുപിടിക്കുന്ന ആൾക്കു് മറെറയാളുടെവക കുടി നാളെ. എന്താ?

രണ്ടാ– ശരി സമ്മതിച്ചു. (ഇരുവരും ആലോചിക്കുന്നു)

രണ്ടാ– (ഏതോ സൂത്രം കണ്ടുപിടിച്ചെന്നപോലെ) ആ കിട്ടിപ്പോയി!.

ഒന്നാ– (സന്തോഷത്തോടെ) എന്നാ, എന്നാ?

രണ്ടാ– ഓ! പററിയേല

ഒന്നാ– (കുറെക്കഴിഞ്ഞു) ആ കിട്ടിപ്പോയി.

രണ്ടാ— ഉം കേൾക്കട്ടെ.
ഒന്നാ— ഓ! പോയി, പോയി,
രണ്ടാ—(ആലോചിച്ചശേഷം) ഓ, കിട്ടിപ്പോയടാ സൂത്രം.
ഒന്നാ— എന്തോന്നാ വേഗം പറ.
രണ്ടാ— (ഒന്നാമൻെറ ചെവിയിൽ മന്ത്രിക്കുന്നു.)

(രണ്ടുപേരും ചിരിക്കുന്നു. തുള്ളുന്നു. എന്തോ ശബ്ദം കേട്ട് "ആരോ വരുന്നുണ്ട്." ആംഗ്യം കാണിക്കുന്നു. രണ്ടുപേരും ഒളിക്കുന്നു.)

(ശൗരി ഓടിക്കിതച്ച് പ്രവേശിക്കുന്നു. തസ്കരന്മാർ രണ്ടുപേരുംകൂടി ചാടിവീണ് പിടിക്കുന്നു. കുറെനേരം ഇരുകൂട്ടരും പിടിക്കുന്നു. അവസാനം ശൗരിയെ രണ്ടുപേരുംകൂടി പിടിച്ചമർത്തുന്നു.)

ഒന്നാ— എടാ അനങ്ങിപ്പോകരുത്. അനങ്ങിയാൽ നിന്നെ കഴിച്ചുമൂടും.
രണ്ടാ— എടാ തെണ്ടി, നിൻെറ കയ്യിൽ ഉള്ളതു മുഴവൻ എടുക്കടാ കഴുതേ.
ഒന്നാ— വേഗമാകട്ടെ; അല്ലെങ്കിൽ ഇപ്പോൾ നിന്നെ ശരിപ്പെടുത്തും (അടിക്കുന്നു)
രണ്ടാ— നീയിതു കണ്ടോ? (കഠാരി കാണിക്കുന്നു)
ശൗരി— എൻെറ പൊന്നു സ്നേഹിതന്മാരെ, എൻെറ കയ്യിൽ ഒന്നുമില്ല. നിങ്ങൾ എന്നെ കൊല്ലരുതേ. അല്ലെങ്കിൽ, എന്നെ ഒന്നു പരിശോധിച്ചു നോക്കൂ.
ഒന്നാ— എടാ വരട്ടെ. എന്നാലങ്ങനെതന്നെ, അവൻ പറഞ്ഞതുപോലെ നമുക്കു പരിശോധിച്ചു നോക്കാം.
രണ്ടാ— ഇങ്ങോട്ടു മാറിനില്ലടാ (കള്ളന്മാർ ശൗരിയെ പരിശോധിക്കുന്നു)
ഒന്നാ— എടാ, ഇവൻ ഒററ കാലണപോലും പോക്കററിലിടാതെയാണല്ലോ യാത്ര!
രണ്ടാ— ഇവൻ ഒരു കൊച്ചു കേഡിയാണെന്നു തോന്നുന്നു. (ഇരിക്കുന്നു)
ഒന്നാ— എടാ ഉവ്വേ, ഇവൻ നല്ല കരുത്തനാ. ഇവനെ നമ്മുടെ കൂട്ടത്തിച്ചേർത്താലെന്താ?

രണ്ടാ— അതു കൊള്ളാമെടാ (ശൗരിയോട്) എടാ കഴുതേ, നീ എവിടുന്നു കയറും പൊട്ടിച്ചോണ്ടു പോന്നതാടാ.

ശൗരി— ഞാൻ ... ഞാൻ ... എന്റെ വീട്ട് ...

ഒന്നാ— കിടന്നുരുളാതെ സത്യം പറയെടാ (അടിക്കുന്നു)

ശൗരി— ഞാൻ സത്യം പറയാം. ഞാൻ പോലീസിനു പിടികൊടുക്കാതെ ഓടിപ്പോന്നതാണ്.

ഒന്നാമനും രണ്ടാമനും:— (പോലീസോ! നിന്റെ പുറകെ വരുന്നുണ്ടോ)

ശൗരി— ഇല്ല; അവരുടെ കണ്ണിൽ നിന്ന് രക്ഷപെട്ടാണ് ഞാനീ വനത്തിൽ കടന്നതു്.

ഒന്നാ— നീ ഞങ്ങളുടെ കൂട്ടത്തിൽ ചേരുന്നോ?

ശൗരി— എന്തിനാ?

രണ്ടാ— എടാ ഗുണമുള്ള വഴിയാടാ.

ഒന്നാ— എടാ, സത്യം പറഞ്ഞാൽ ഞങ്ങളുടെ ജോലി കളവാണ്. അതുകൊണ്ട് ഞങ്ങൾക്കു പണത്തിനു് ഒരു ബുദ്ധിമുട്ടുമുണ്ടാകയില്ല. എന്തു സുഖമാണെന്നോ!

രണ്ടാ— ഏതു സമയത്തും ഞങ്ങൾ മുതലാളികളാണ്. എപ്പും നോക്കിയാലും കാണാം രൂപയും സ്വർണ്ണവും. പിന്നെ ഞങ്ങൾക്കെന്തു കുറവാടാ?

ശൗരി— അതൊക്കെ ശരിയാ. പക്ഷേ, പോലീസിന്റെ പിടിയിൽനിന്നു് എങ്ങനെ രക്ഷപെടും?

ഒന്നാ— പോലീസ്! അങ്ങനെയൊരു കൂട്ടക്ക് ഇവിടെ സ്ഥാനമില്ല. ഇവിടത്തെ അധിപർ ഞങ്ങളാണ്.

രണ്ടാ— എന്തു്! പുലിയുടെ കൂട്ടിൽ എലിക്കുഞ്ഞോ?

ശൗരി— കളവു് എനിക്കും ഇഷ്ടമാണ്. പക്ഷേ പോലീസ് മൂരാച്ചികളോട് എനിക്കു ഭയമാണ്.

ഒന്നാ— ആ ഒരു ഭയവും വേണ്ടാ.

രണ്ടാ— എടാ, നീ കളവു് എവിടെനിന്നാ വശമാക്കിയതു്?

ശൗ— എന്റെ ആദ്യത്തെ കളവു് എന്റെ സ്വന്തം

വീട്ടിൽനിന്നായിരുന്നു. പക്ഷേ അതുകൊണ്ടു തി കഞ്ഞില്ല. പിന്നെ അയൽപക്കങ്ങളിൽ മോഷണം തുടങ്ങി. അപ്പോൾ പോലീസ് മുരാച്ചികളുടെ ഉപദ്രവം നേരിട്ടു. അവിടെനിന്ന് ഓടി രക്ഷപ്പെട്ടു ഇവിടെ വന്നു.

ഒന്നാ— ബലേഭേഷ്! പാർട്ടിയിൽ ആൾ വദ്ധിക്കട്ടെ! നീ മിടുക്കൻ.

രണ്ടാ— ശരി; നമുക്കു പററിയ സ്നേഹിതനെ കിട്ടിയതിന് ഒരു പാർട്ടി നടത്താം.

ഒന്നാ— (കള്ളിൻകുടവും ഗ്ലാസുമായി പ്രവേശിക്കുന്നു) വാടാ അനിയാ നമുക്കു സ്വല്പം എടുക്കാം.

(മൂന്നുപേരും കുടിച്ചു മത്തരാകുന്നു)

രണ്ടാ— എഴാ അനിയാ, എങ്ങനെയിഴിക്കുന്നെഴാ ......

ശൗ— ജോഴായിരിക്കുന്നു ശേട്ടാ ......

ഒന്നാ— എഴാ പൂഴക്കഴതകഴേ നിങ്ങഴെ ഒക്കെ ഞാൻ ഥല്ലും......

(ശൗരിയെ അടിക്കുന്നു, ശൗരി എഴുന്നേററു ഒരുത്തന്റെ കഠാരി വലിച്ചൂരി കാണിച്ച്കൊണ്ട്)

ശൗ— അനങ്ങിപ്പോയാൽ രണ്ടിനേം ഞാൻ ഇതിൽ കോക്കും. എടാ വെടലകളേ, ഇനിമുതൽ ഞാൻ നിങ്ങളുടെ രാജൻ. എന്റെ കൈയ്യുടെ ചൂടു മനസ്സിലായിട്ടുണ്ടോ? എന്റെ ബദൽ നിൽക്കുന്നവനെ ഒക്കെ ഞാൻ മുടിക്കും. ഇന്നു മുതൽ ഞാൻ ഒരു കള്ളൻ (ശബ്ദമുയർത്തി) മഹാകള്ളൻ ഹ.. ഹ... ഹ... ഹ... (മറയുന്നു)

ഒന്നാ— എടാ, അവൻ പണി പററിച്ചു കളഞ്ഞല്ലോടാ. നമ്മൾ രണ്ടുപേരൊണ്ടായിട്ടും അവന്റെ ഒപ്പം ചെല്ലാൻ കഴിഞ്ഞില്ലല്ലോടാ.

രണ്ടാ— എടാ ഇതെല്ലാം നമ്മുടെ കുററമാ. അല്ലെങ്കിൽ അവൻ വന്നപ്പഴേതന്നെ ശരിപ്പെടുത്തി കളയേണ്ടതായിരുന്നു.

ഒന്നാ— ഏതായാലും അവൻ ഉശിരും കൊണ്ടു പോയ

ല്ലോ. നമുക്കവനെപ്പിടിച്ച് ഉടൻ ശരിപ്പെടുത്ത ണം. (ആയുധങ്ങൾ എടുത്തു ചുററുപാടും നോ ക്കുന്നു, കറുത്ത ഷർട്ടും, കറുത്ത മുഖംമൂടിയും ധരി ച്ച് ഒരു ഭയങ്കരൻ പ്രവേശിക്കുന്നു)

മുഖംമൂടി– ഹ...ഹ...ഹ... (ഉറക്കെച്ചിരിക്കുന്നു) അ നങ്ങരുത്. അനങ്ങിയാൽ ഞാൻ കൊന്നുകളയും (ഉറക്കെ) കള്ളശിരോമണികളേ, ഇപ്പോൾ നി ങ്ങൾക്കെന്തു തോന്നുന്നു. ഞാനാണോ കള്ളൻ, നി ങ്ങളാണോ കള്ളൻ? ഉം വേഗം പറയൂ (ചാട്ട ഉ റക്കെയടിക്കുന്നു. ചാട്ടയുടെ സ്വരം കേട്ട് കള്ള ന്മാർ ഞെട്ടുന്നു.)

മുഖംമൂടി– ഞാനാണോ രാജൻ, നിങ്ങളാണോ രാജൻ? ഉം വേഗം പറയൂ.

കള്ളന്മാർ– അവിടുന്നു ഞങ്ങളുടെ രാജൻ.

മുഖംമൂടി– ഹ ...... ഹ ...... ഹ ...... (ഉറക്കെ ചിരി ച്ചുകൊണ്ട്) നിങ്ങൾ കീഴടങ്ങുവിൻ. എല്ലാ ആയു ധങ്ങളും എനിക്കു കാഴ്ചവെക്കുവിൻ. ഇനി മുതൽ എൻെറ പേർ "ചൂഡാമറയൻ" ഹ... ഹ... ഹ ... ഇനിമുതൽ നമ്മുടെ കളവുകൾ എൻെറ ഇഷ്ടപ്രകാരം. ഇനിമുതൽ ആർക്ക് എന്തു കിട്ടിയാ ലും എൻെറ അടുക്കൽ കാണിച്ചശേഷം പങ്കി ടീൻ. (ഉറക്കെ ദേഷ്യത്തിൽ) എന്ത്? കളവു പാ ടില്ലത്രെ അതാരുടെ നിശ്ചയം! വൈദികരുടെ നിശ്ചയമോ, ഗവമ്മെൻറിൻെറ നിശ്ചയമോ? ആ രുടെ നിശ്ചയമായാലും നമ്മുടെ നിശ്ചയമാണ് നടക്കേണ്ടതു്. അതിനു് എതിരു നിൽക്കുന്ന ഏ വനും നമ്മുടെ ഇഷ്ടക്കേടിനു് പാത്രീഭവിക്കും. (കഠാരി ഉയർത്തിപ്പിടിച്ച്) അല്ലയോ കഠാരമേ! നീതന്നെ എൻെറ ജീവൻ. നീ മാത്രം എൻെറ ആശ്രയം. (കഠാരി അരയിൽ തിരുകുന്നു) ഇന്നു തന്നെ ആദ്യത്തെ പരീക്ഷണം നടത്തുക.

കർട്ടൻ.

## പുളുശേരിവീട്

## രംഗം 6

[ചാക്കോപ്പി ചിന്താധീനനായി കാണപ്പെടുന്നു. രോഗ ലക്ഷണങ്ങളും, ഇടയ്ക്കിടെ ചുമ. കാക്ക പുറം തിരുമ്മിക്കൊണ്ട് അടുത്തു നിൽക്കുന്നു.]

ചാക്കോ— (ആത്മഗതം) എന്റെ ദൈവമേ, എനിക്കീ വിധിയായല്ലോ. എന്റെ മക്കളേ, നിങ്ങൾ ഈ വിധം ആകുമെന്നു ഞാൻ ഒരിക്കലും വിചാരിച്ചില്ല. (ചുമ) എന്റെ മൂത്ത മകൻ ഇവിടെനിന്നു പോയിട്ടു കൊല്ലം എത്രയായി. കർത്താവേ! അവനിപ്പം എവിടെയോ എന്തോ. അവനെ പോലീസുകാർ അന്വേഷിക്കുന്നു എന്നു കേട്ടു. പോലീസുകാർ ഇവിടെയും കേറാൻ തുടങ്ങിയല്ലോ. ഈ കുടുംബത്തിന്റെ ചരിത്രത്തിൽ ഇങ്ങനെയൊരു അപഖ്യാതി സമ്പാദിച്ചിട്ടില്ലല്ലോ. ദൈവമേ (ചുമയ്ക്കുന്നു. കഫം കോളാമ്പിയിൽ തുപ്പുന്നു) ആർക്കാണെങ്കിലും സങ്കടം തോന്നുകേലേ, മക്കൾ ചൊല്ലില്ലാതെ പോയാൽ. ഈ വയസ്സുകാലത്തു എനിക്കിങ്ങനെയായല്ലോ. അല്ല, എനിക്കെങ്ങനെ ഇതൊക്കെ വരാതിരിക്കും. ഞാനിതൊക്കെ കേൾക്കുകയും, കാണുകയും ചെയ്യണം. എന്റെ ചെറുപ്പകാലത്തു ഞാൻ അനുസരിക്കേണ്ടവരെ അനുസരിച്ചില്ല. അപ്പനോടും അമ്മയോടും ചെയ്യേണ്ടവിധം ഞാൻ ചെയ്തില്ല. (ചുമ) ഞാൻ പള്ളിയിൽ പോകാതെ കള്ളു കുടിച്ചു നടന്നു. എന്നെ ഉപദേശിക്കാൻ വന്ന അച്ചനെ ചീത്ത പറഞ്ഞോടിച്ചു. എന്റെ ഭാര്യയെ ഞാൻ അന്യായമായി ഉപദ്രവിച്ചു (കരയുന്നു) അതുകാരണമാണ് അവൾ ഇത്രവേഗം എന്നെ വിട്ടുപോയതു്. എന്റെ

മകനേ! നീ കേൾക്കാൻ വേണ്ടിയാണ് ഞാനിതെല്ലാം പറയുന്നത്. നീയെങ്കിലും നന്നായി മാതാപിതാക്കന്മാരേയും ദൈവത്തേയും ഭയന്നു നടന്നാൽ നിനക്കു നന്മ വരും. (ചുമ). നിൻെറ ജ്യേഷ്ഠൻെറ മനസ്സുതിരിവിനുവേണ്ടി പ്രത്യേകം ദൈവത്തോടു നീ പ്രാൎത്ഥിക്കണം. നമ്മുടെ ഇപ്പോഴത്തെ അച്ചൻ ഒരു നല്ല അച്ചനാണ്. അദ്ദേഹം പറയുന്നതുപോലെ പഠിക്കുകയും പ്രവൎത്തിക്കുകയും ചെയ്യണം. ഞാനിതെല്ലാം പറയുന്നതു് നിൻെറ ചേട്ടൻെറ ജീവിത പ്രവൎത്തനങ്ങളെ കണ്ടിട്ടാണ്. ഞാനിനി അധികം ഇരിക്കുകേല (ചുമക്കുന്നു)

കാക്കു– അപ്പാ, അപ്പൻ പറയുന്നതുപോലെയെല്ലാം ഞാൻ കേട്ടു നടന്നുകൊള്ളാം. ചേട്ടൻ മാനസാന്തരപ്പെട്ടു തിരിച്ചു വരുന്നതിനു് ഞാൻ എന്നും പ്രാൎത്ഥിക്കുന്നുണ്ടു്. അപ്പാ, ഈ ഇരിപ്പു ഇങ്ങനെയിരുന്നാൽ പററുമോ? ഞാൻ ചെന്നു ഡോക്ടരെ കൂട്ടിക്കൊണ്ടു വരാം.

ചാ– (ചുമച്ചശേഷം) എടാ! അതിനൊക്കെ നിന്നെക്കൊണ്ടു പററുമോടാ. നമ്മുടെ ആ നല്ല ജീവിതത്തിൻെറ വിശേഷംകൊണ്ടു് അയിലോക്കംകാരുടെ തിരിഞ്ഞു നോക്കുന്നുണ്ടോ.

കാക്കു– അപ്പാ! ഞാൻ ചെന്നു് ആ ഫിലിപ്പു ഡോക്ടറെ വിളിച്ചുകൊണ്ടു വരാം.

ചാ– എടാ, അതിനു് കാറക്കൂലി കൊടുത്താലേ അവിടുന്നിറങ്ങു. നീ ആ തലയിണക്കീഴെ ഇരിക്കുന്ന താക്കോലെടുത്തു അറയ്ക്കകത്തിരിക്കുന്ന പെട്ടിക്കകത്തുനിന്നു് എട്ടു പത്തുരൂപായെടുത്തുകൊണ്ടു പൊയ്ക്കോ.

കാക്കു– (അകത്തേയ്ക്കു പോകുന്നു. "അയ്യോ അപ്പാ, ചതിച്ചേ!" എന്നു പറഞ്ഞു താക്കോൽക്കൂട്ടവുമായി കാക്കു വരുന്നു)

ചാ— എന്താടാ! എന്നാ പററിയടാ?

കാക്ക— പണപ്പെട്ടി കാണുന്നില്ല. അപ്പാ (കരയുന്നു.)

ചാ— നീ ... നീ ... പറഞ്ഞതു് എന്താണു് ... പണപ്പെട്ടി കാണുന്നില്ലെന്നോ? എടാ, അറയിൽ ഇരുട്ടായതുകൊണ്ടാ. നീ വിളക്കു കത്തിച്ചുനോക്കു്. (ചുമ. കാക്ക വിളക്കുമായിട്ടു പോയി കുറെ സമയം കഴിഞ്ഞു ചുവന്ന മഷിയിലെഴുതിയ ഒരു എഴുത്തുമായി വരുന്നു.)

കാക്ക— അപ്പാ നമ്മുടെപെട്ടി കള്ളന്മാർ കൊണ്ടുപോയി. ഇതാ, ഈ എഴുത്തു പെട്ടിയിരുന്നടത്തു കിടന്നതാണു്.

ചാ— അയ്യോ കർത്താവേ! ആകെ ഉണ്ടായിരുന്നതു കള്ളന്മാർ കൊണ്ടുപോയോ? (ബഹളമുണ്ടാക്കി കരയുന്നു)

(ജോയിയും, അച്ചനുംകൂടി പ്രവേശിക്കുന്നു. ചാക്കോപ്പിയും കാക്കവും അച്ചനു സ്തുതി ചൊല്ലുന്നു.)

അച്ചൻ— എല്ലാഴ്പ്പോഴും സ്തുതിയായിരിക്കട്ടെ. എന്നാ ചാക്കോപ്പിച്ചേട്ടാ, കരയുന്നതു്?

ചാ— അച്ചാ! അച്ചാ! ഞാൻ നശിച്ചു. പോയി; എല്ലാം പോയി.

ജോ— ഒന്നും മനസ്സിലാകുന്നില്ലല്ലോ. എന്താണു് കാക്ക സംഗതി?

(കാക്ക കരഞ്ഞുകൊണ്ടു് എഴുത്തു നീട്ടുന്നു)

ജോയി— (എഴുത്തു വാങ്ങിച്ചു വായിക്കുന്നു) "ആരാണു് നിങ്ങളുടെ വിലപിടിച്ച പണപ്പെട്ടി കൊണ്ടുപോയതെന്നു വിചാരിക്കുന്നുണ്ടാവാം. ഞാനാണു് കൊണ്ടുപോയതു്. ഈ ഞാൻതന്നെ. നിങ്ങളെല്ലാവരും കള്ളനാക്കിയ "ചൂടാമറയൻ." നിങ്ങൾ ഓരോരുത്തരും സൂക്ഷിച്ചുകൊള്ളുവിൻ. നിങ്ങളുടെ കൺമുമ്പിൽത്തന്നെ ചൂടാമറയൻ ഉണ്ടു്. പക്ഷേ അവനെ നിങ്ങൾ കാണുകയില്ല. അവൻ പെരിയകള്ളൻ മായാവി. നിങ്ങളുടെ പോലീസു് പട്ടാ

ളത്തേയും ഗവമ്മെൻറിനേയും എനിക്കു ഭയമില്ല. ഞാൻ വെല്ലുവിളിക്കുന്നു. ആരെങ്കിലും, എന്നെ അന്വേഷിച്ചിറങ്ങുന്നവൻെറ അവസാനം മരണമായിരിക്കും. ഘോരമായ മരണം. ഹ ... ഹ ... ഹ ... ഹ ........

എന്നു്

ചുടാമറയൻ."

(ജോയി എഴുത്തു വായിച്ചശേഷം രൗദ്രത്തോടെ എഴുത്തു ചുരുട്ടുന്നു)

ജോ– ഇന്നലെ രാത്രിതന്നെ ഔസേപ്പച്ചൻെറ സ്വർണ്ണക്കട, ഇംപീരിയൽ ബാങ്കു്, ഇവിടെയെല്ലാം മോഷണം നടത്തുകയും, അവിടെനിന്നെല്ലാം ഈ മാതിരി ഓരോ എഴുത്തു കിടന്നു കിട്ടുകയും ചെയ്തിട്ടുണ്ടു്. ആരായിരിക്കാം ഈ ചുടാമറയൻ? ഏതായാലും പോലീസു് ഊർജ്ജിതമായ അന്വേഷണത്തിനു് ഇറങ്ങിയിട്ടുണ്ടു്.

ചാ– (കരയുന്നു) എന്നെ തൊലച്ചോടാ മഹാ പാപി. നീ എന്നെ ഇങ്ങനെ കുത്തിക്കൊല്ലുണ്ടായിരുന്നല്ലോടാ.

അച്ച– ചാക്കോപ്പിച്ചേട്ടാ, സുഖക്കേടായിരിക്കുമ്പോൾ ഇങ്ങനെ മനസ്സു ക്ഷോഭിപ്പിക്കരുതു്. ദൈവം വരുത്തുന്നതൊക്കെ നാം ക്ഷമയോടെ സഹിക്കണം. കള്ളനെ പോലീസുകാർ പിടിച്ചുകൊള്ളും. സമാധാനിക്കണം, ചാക്കോപ്പിച്ചേട്ടാ.

ചാ– (ചുമ) ഞാനെങ്ങനെ സഹിക്കും അച്ചാ. അവനെന്നെ കുത്തിക്കമത്തിക്കളഞ്ഞില്ലേ. എൻെറ ആകെ ഉണ്ടായിരുന്ന സമ്പാദ്യമായിരുന്നച്ചാ അതു്. കെട്ടിച്ചുവിട്ട പെണ്ണിൻെറ സ്ത്രീധനം കൂടെ കൊടുക്കാതെ ഞാൻ സൂക്ഷിച്ചുവച്ചിരുന്നതാണച്ചാ: ഒണ്ടാരുന്ന ആഭരണോം എല്ലാം പോയല്ലോ അച്ചാ. ഞാൻ ഇനി എന്തിനു ജീവിക്കുന്നു. എന്തിനു ജീവിക്കുന്നച്ചാ.

അച്ച— അങ്ങനെ നിരാശപ്പെടരുത് ചാക്കോച്ചിച്ചേ ട്ടാ. ദൈവം നമുക്ക വരുത്തുന്ന കരിശ്ശുകൾ ഓ രോന്നും നാം സഹിക്കണം. അവയെല്ലാം ദൈവം നമ്മുടെ നന്മയ്ക്ക് വരുത്തുന്നതാണ്. ദൈവമറി യാതെ ഒന്നും സംഭവിക്കുന്നില്ല. അവിടുന്ന് ഇതോ രൊന്നും കണ്ടുകൊണ്ടാണിരിക്കുന്നത്.

ചാ— എന്റെ മൂത്തമകനാണേൽ, അവൻ ചൊല്ലില്ലാ തെപോയി. ഇപ്പോഴിങ്ങനേം. എനിക്ക സുഖമി ല്ലാതെയായിട്ട കുറെയായി. എങ്ങനെയാ അച്ചാ, ആ ധിയും വ്യാധിയും കൂടിയല്ലേ വന്നിരിക്കുന്നത്. (ചുമ. ജോയി പിടിച്ചു ചാരികിടത്തുന്നു) ഇ തെല്ലാം ഞാൻ കേൾക്കുകയും, കാണുകയും, അനു ഭവിക്കുകയും ചെയ്യേണ്ടവനാണ്. ഇതെല്ലാം ദൈ വശിക്ഷയാണച്ചാ. എന്റെ പ്രവൃത്തികൾക്ക് ഞാൻ ഇത്രയുമനുഭവിച്ചാൽ പോരാ (ചുമയ്ക്കുന്നു)

ജോയി— എന്തോരു ഭയങ്കര ചുമയാണ്. കാക്ക! ഡോ ക്ടരെ വിളിച്ചൊന്നും കാണിച്ചില്ലേ?

കാക്ക— ഡോക്ടറെ വിളിക്കാൻ രൂപായെടുക്കാൻ നോ ക്കിയപ്പോഴാണ് (കരയുന്നു) ആ നശിച്ച എഴു ത്തു കിട്ടിയത്.

ജോ— അതു സാരമില്ല. (ചാക്കോച്ചിയോട്) അപ്പച്ചാ, എന്നാൽ ഞാനും കാക്കവുംകൂടെ ചെന്ന് ഡോക്ട രെ വിളിച്ചുകൊണ്ടുവരട്ടെ.

ചാ— ആട്ടെ മോനേ! നിന്നെ ദൈവം അനുഗ്ര ഹിക്കും. നീയെന്തിനാ ഈ കഷ്ടപ്പാടൊക്കെ സഹി ക്കുന്നത്?

ജോ— ഓ! ഇതൊരു കഷ്ടപ്പാട്ട വല്ലതുമാണോ. വാ കാക്ക, നമുക്ക പോകാം (പോകുന്നു)

ചാ— എന്റെ അച്ചാ! എന്റെ ജീവിക്കാനുള്ള ആശ യെല്ലാം അവസാനിച്ചു. എന്റെ മകൻ ഇപ്പം എ വിടെയോ എന്തോ! ഇതെങ്ങനെ ജീവിച്ചു കൂട്ടം ഖമാണെന്നു അച്ചന് അറിയാൻമേലേ? പോയി

അച്ഛാ പോയി. ഇനി ഞാനുംകൂടെയങ്ങു പോയാ
മതി (ചുമ)

അച്ച— ചാക്കോപ്പിച്ചേട്ടൻ ചുമ്മാതെ കിടക്കണം. ഇങ്ങ
നെ അതുമിതും പറഞ്ഞ് ആധിപ്പെടുത്തിയാൽ
രോഗം കൂടുകയേയുള്ളു. മൂത്തമകൻെറ മാനസാ
ന്തരത്തിനും, തിരിച്ചുവരവിനുമായി ഞാൻ പ്രത്യേ
കം പ്രാൎത്ഥിക്കുന്നുണ്ട്. ചേട്ടൻെറ ഇളയമകൻ കാ
കു മൂത്തമകൻ ശൗരിയെപ്പോലെയല്ല. അവൻ
പള്ളിയിൽ വരികയും വേദപാഠത്തിനു ഹാജ
രാകുകയും ചെയ്യുന്നുണ്ട്. അവനെങ്കിലും നല്ലകൊ
ച്ചനായിട്ടുണ്ടല്ലോ. അതിനു ചേട്ടൻ ദൈവത്തി
ന് സ്തോത്രം ചെയ്യ്.

ചാ— അച്ചൻ എന്തിനാണ് ഇവിടെ വരികയും മററും
ചെയ്യുന്നതു്. അച്ചനോട്ട് ഞാൻ മുമ്പ് എന്തെ
ല്ലാം പറഞ്ഞിട്ടുണ്ട്. അതുവല്ലതുമോൎത്താൽ അച്ച
നിവിടെ വരുമോ? അച്ചാ! ഞാൻ ചെയ്തിട്ടുള്ള
ഭയങ്കര പാപങ്ങൾക്ക് എന്തു പ്രായശ്ചിത്തം ചെ
യ്താലാണ് മോചനം കിട്ടുന്നതു്. ഞാനിങ്ങനെ
യായിപ്പോയല്ലോ. ഈ പാപിക്ക് ഇനി എന്താ
ണൊരു രക്ഷ! ഞാൻ കുമ്പസാരിച്ചിട്ടും, പള്ളിയിൽ
പ്പോയിട്ടും എത്ര കൊല്ലങ്ങളായച്ചാ. ഈ പാപി
യോട്ട് ദൈവം ക്ഷമിക്കുമോ അച്ചാ.

അച്ച— തീൎച്ചയായിട്ടും ക്ഷമിക്കും. അവിടുന്നു പാപി
കളെത്തേടിയാണ് ഈ ലോകത്തിൽ വന്നതു്.
ചേട്ടനു കുമ്പസാരിക്കണോ?

ചാ— അച്ചാ! അച്ചനോട്ട് ഞാൻ ചെയ്തിട്ടുള്ളതെല്ലാം
എന്നോടു ക്ഷമിക്കണം. അച്ചാ, എനിക്ക് കുമ്പസാ
രിക്കുകയും കുർബാന കൈക്കൊള്ളുകയും വേണം.

അച്ച— ഞാൻ നാളെ രാവിലെ വി. കുർബാനയുമാ
യി വന്നു കുമ്പസാരിപ്പിക്കാം. ചെയ്തുപോയിട്ടുള്ള
പാപങ്ങളെപ്പററി ശരിയായിട്ടു മനസ്സിലാക്കി
അനുതപിച്ചുകൊള്ളുക. ഇപ്പോൾ തന്നെ ചേട്ട

ൻെറ പാപങ്ങൾ ദൈവം ക്ഷമിച്ചിരിക്കുന്നു. പിന്നെ ചേട്ടൻ എന്നോടു അങ്ങനെയൊന്നും ചെയ്തിട്ടില്ലല്ലോ. അതു ഞാൻ ഓത്തുകൊണ്ടിരിക്കുകയാണെങ്കിൽ ഇങ്ങോട്ടു വരണോ? അങ്ങനെ വല്ലതുമുണ്ടെങ്കിൽതന്നെ ഞാനതു അപ്പഴേ ക്ഷമിച്ചിരിക്കുന്നു. ചാക്കോച്ചിച്ചേട്ടൻ സമാധാനമായിരിക്കുക. അവർ ഡാക്കരെ കൂട്ടികൊണ്ടു് ഇപ്പോൾ വരും. എന്നാൽ ഞാനിറങ്ങട്ടെ. (ചാക്കോച്ചി അച്ചനു സ്തുതി ചെല്ലുന്നു. അച്ചൻ പോകുന്നു)

ചാ— എത്ര നല്ല അച്ചൻ. അച്ചൻ അന്നു പറഞ്ഞിരുന്നതു കേട്ടിരുന്നെങ്കിൽ എൻെറ മകൻ ഇതുപോലെ വരുമായിരുന്നോ? (ചുമയ്ക്കുന്നു.)

(ശങ്കു ചെത്തുവേഷത്തിൽ പ്രവേശിക്കുന്നു. കരയുന്നു. ഒരു മാട്ടം. അതിൽ 'ചൂടാമറയൻ' എന്നെഴുതിയിരിക്കുന്നു)

ശങ്കു— (നെഞ്ചത്തടിച്ചു്) എൻെറ ചാക്കോച്ചിച്ചാ, എന്നെ നശിപ്പിച്ചുകളഞ്ഞല്ലോ. അവൻെറ തലേ ഇടിത്തീ വീഴണേ!

ചാ— എന്നതാടാ ശങ്കു?

ശങ്കു— എൻെറ ചാക്കോച്ചിച്ചാ, എല്ലാ തെങ്ങേന്നും കള്ളു മുഴുവൻ ആരാണ്ടു കള്ളന്മാരു ഊററിയെടുത്തിരിക്കുന്നു. എൻെറ മാട്ടമെല്ലാം പൊട്ടിച്ചിട്ടിരിക്കുന്നു. ഈ മാട്ടത്തേൽ (കാണിക്കുന്നു) ഇതാ 'ചൂടാമറയൻ' എന്നു് എഴുതിയിരിക്കുന്നു. എന്നോടിതു ചെയ്യുവനേ കാലപാമ്പു കടിക്കണേ!

ചാ— എടാ ശങ്കു, ഇതുമാത്രമൊന്നുമല്ലടാ. ഇവിടുത്തെ അറ കുത്തിത്തുറന്നു പെട്ടീം കൊണ്ടുപോയെടാ. എന്നിട്ടു ഞാൻ സഹിച്ചില്ലേ. പോട്ടെ, നിൻെറ മാട്ടത്തിൻെറയും കള്ളിൻെറയുമൊക്കെ നഷ്ടം ഞാൻ തീക്കാം. (ചുമ)

ശങ്കു— അയ്യോ! ഇതെന്നാ ചാക്കോച്ചിച്ചാ, ഇവിടേം കള്ളൻ കേറിയോ! കള്ളന്മാരു മുഖാന്തിരം ജീവി

ക്കാൻ മേലെന്നായല്ലോ, ഭഗവാനേ! ആ പോട്ടെ. ഇനി പറഞ്ഞിട്ടെന്താ വിശേഷം. പോയതു പോയില്ലേ. ചാക്കോപ്പിച്ചന്ന് ഇന്ന ഞാൻ കള്ള് എവിടുന്നെങ്കിലും കൊണ്ടുവന്നു തരാം.

ചാ— എടാ ശങ്കു! ഇന്നുമുതൽ എനിക്കു കള്ളു വേണ്ട. ഞാൻ കുടി നിർത്തിയിരിക്കുന്നു.

ശങ്കു— ചാക്കോപ്പിച്ചൻ കളി പറയാതെ. ശങ്കു എവിടന്നേലും പതിവൊള്ളതു കൊണ്ടെത്തരാം.

ചാ— ഞാൻ കാര്യമായിട്ടാ പറഞ്ഞതു്: ഞാനിനി കുടിക്കുന്നില്ല.

ശങ്കു— അയ്യോ! ഇതെന്താ പുലോകമാ ഭഗവാനേ! എല്ലാവരും ഇങ്ങനെ തൊടങ്ങിയാൽ ബാക്കിയുള്ളവരു പുററിപ്പോകുമല്ലോ.

ചാ— നീ പൊയ്ക്കോ ശങ്കു (ചുമയ്ക്കുന്നു നെഞ്ചത്തു കൈയമർത്തിചുമയ്ക്കുന്നു)

കർട്ടൻ

## രംഗം 7

### തെരുവ്

[രണ്ടു ഭിക്ഷക്കാർ ഇരുന്നു ഭിക്ഷ യാചിക്കുന്നു. ഒന്നാമൻ പൊട്ടക്കണ്ണനും, രണ്ടാമൻ ചട്ടനുമാണ്.]

ഒന്നാമൻ— വഴിയേ പോകുന്ന അച്ഛന്മാരേ തമ്പുരാക്കന്മാരേ! തമ്പുരാട്ടിമാരേ, ദൈവത്തെയോർത്തു ഈ പൊട്ടക്കണ്ണനൊരു കാലണ തന്നേച്ചു പോണേ. നിങ്ങളെപ്പോലെ മുഖംകണ്ടു ചോദിക്കാൻ ഇവനു് വശമില്ലേ.

രണ്ടാമൻ— എന്റെ പൊന്നച്ചന്മാരെ നിങ്ങളേപ്പോലെ നടക്കാനാവതില്ലേ. വഴിയേ പോകുന്ന അച്ഛന്മാരേ, നടക്കാൻ വയ്യാത്ത ഈ പാവത്തിനു് ഒരു കാലണ തന്നേച്ചുപോണേ.

(ഒരു വഴിപോക്കൻ പോകുന്നു. യാചകൻ കൈനീട്ടി യാചിക്കുന്നു. പൊട്ടക്കണ്ണനു് കാലണ കൊടുക്കുന്നു.)

രണ്ടാ— എനിക്കുംകൂടെ താ അച്ഛാ. ഞാനും പാവമല്ലേ. അച്ഛാ, എനിക്കും കാലണതാ.

വഴിപോക്കൻ— നിനക്കു് കണ്ടോണ്ടു ചോദിക്കാമല്ലോ. അവൻ പൊട്ടക്കണ്ണനല്ലേ.

രണ്ടാ— ശരിയാച്ഛാ, കൊടുക്കാൻ കഴിയേലേ അതു പറഞ്ഞാ മതിയല്ലോ.

(വഴിപോക്കൻ പോകുന്നു.)

രണ്ടാ— (ഒന്നാമനോടു്) ആ, നിനക്കേലും കിട്ടട്ടേ.

ഒന്നാ— ഇന്നൊരു കോളുമില്ലല്ലോടാ. എടാ പുള്ളേ, നീ എവിടത്തുകാരനാ?

രണ്ടാ— നീയെന്നു തൊടങ്ങി ഈ തൊഴില്? (ഒരു യാത്രക്കാരൻ വരുന്നതു കണ്ടിട്ടു്) അച്ഛാ, ഒരു കാലണ തന്നേച്ചു പോണേ.

ഒന്നാ— പൊന്നച്ചാ, ഈ പൊട്ടക്കണ്ണനൊരു കാലണ തന്നേച്ചുപോണെ.

(യാത്രക്കാരൻ ഒന്നും കൊടുക്കുന്നില്ല)

രണ്ടാ— ധമ്മം കൊടുത്തെങ്കിലേ സന്തതി വാഴൂ.

യാത്ര— എടാ വെറുതെയിരുന്നോ. കള്ളപ്പരിഷകൾ! നിങ്ങൾക്കു ധമ്മം തന്നിട്ട് എനിക്കു സന്തതി വാഴണ്ടാ (പോകുന്നു)

രണ്ടാ— ഇവനെന്തൊരു അറുപിശുക്കൻ. എടാ ചേട്ടാ, തൻെറ അടുത്തു എന്നാ സമ്പാദ്യമുണ്ടടാ. പത്തുരണ്ടായിരം കാണുമല്ലോടാ.

ഒന്നാ— എൻെറ പൊന്നേ അത്രേം ഒന്നും ഇല്ല. കുറച്ചു വല്ലോം കാണും. കിട്ടിയതൊക്കെ ഞാനൊരു സഞ്ചീലിട്ടു വച്ചിട്ടുണ്ടു്.

(ജോയി, കോളജിൽ പോകുന്ന വേഷത്തിൽ വരുന്നു)

രണ്ടാ— എടാ ചേട്ടാ, ഒരു പണമുള്ള പാർട്ടി വരുന്നുണ്ടെടാ. ചോദിച്ചാൽ വല്ലതും കിട്ടുമെടാ.

(ജോയി പ്രവേശിക്കുന്നു. ഭിക്ഷുക്കൾ ബഹളമുണ്ടാക്കി യാചിക്കുന്നു.)

ജോ— നിങ്ങൾ സമാധാനമായിരിക്കുക. നിങ്ങൾക്കു രണ്ടുപേക്കും തരാം. നിങ്ങൾക്കുവേണ്ടപ്പെട്ടവരാരുമില്ലേ

ഒന്നാ— പൊന്നച്ചാ, ഞങ്ങൾക്കു് വീടും കുടിയുമൊന്നുമില്ല. അന്തിയായ, വല്ല മരത്തിൻെറ ചോട്ടിലുമാ കിടന്നുറങ്ങുന്നതു്.

ജോ— (ആത്മഗതം) കഷ്ടം. ഈ രാജ്യത്തു ഇതുപോലെയുള്ള എത്ര സാധുക്കൾ തെരുവുതോറും നടന്നലയുന്നു. ഇവക്കെന്തെങ്കിലും ഉപശാന്തിയുണ്ടാക്കുകയാണു് ആദ്യമായി ചെയ്യേണ്ടതു്. ഇതാ.

(രണ്ടുപേക്കും കൊടുക്കുന്നു. ജോയി പോകുന്നു.)

ഒന്നാ— ആ അച്ചൻ എത്ര നല്ല അച്ചൻ അച്ചനെ ഉടേതമ്പ്രാൻ അനുഗ്രഹിക്കും.

രണ്ടാ— (ജോയി പോയ വഴിയേ നോക്കിയിരിക്കുന്നു.)

ഒന്നാ— എടാ ഉവ്വേ, എന്നാ താനൊന്നും മിണ്ടാത്തതു്.

രണ്ടാ— ആ, ആ, അതേ, നല്ല അച്ഛൻ. ആ, നിൻെറ സമ്പാദ്യക്കാര്യം പറഞ്ഞില്ലല്ലോ.

ഒന്നാ— നീയെന്തിനാ അതെല്ലാം അറിയുന്നതു്?

രണ്ടാ— ഞാൻ വെറുതെ ചോദിച്ചെന്നേയുള്ളു. ഇഷ്ടമൊണ്ടേ പറഞ്ഞാൽ മതി.

ഒന്നാ— ആ, കുറച്ചേതാണ്ടു കാണും. എൻെറ പൊന്നേ ആരോടും പറയരുതേ. ഇപ്പം കള്ളന്മാരുടെ കളിയാ. ചൂടാമറയൻ എന്ന ഒരു കടിമൂത്ത കള്ളനുണ്ടു്. അവനറിഞ്ഞാപ്പിന്ന രക്ഷയില്ല.

രണ്ടാ— ആങ്ഹാ. എടാ, നീ ആ സഞ്ചിയോടെ എന്നെ ഏല്പിച്ചേരു്. ഞാൻ സൂക്ഷിച്ചു കൊള്ളാം. നിനക്കു് കണ്ണുകാണാൻ പാടില്ലല്ലോ. നിന്നെ വല്ലോരും പറിച്ചുകൊണ്ടു പോകും.

ഒന്നാ— അതൊന്നും വേണ്ട; ഞാൻ തന്നെ സൂക്ഷിച്ചോളാം.

രണ്ടാ— ഇങ്ങോട്ടു തരാനല്ലേ പറഞ്ഞതു്. (ചുററും നോക്കുന്നു. ആരുമില്ലെന്നു മനസ്സിലാക്കി ഒന്നാമൻെറ അടുത്തുനിന്നും സഞ്ചി തട്ടിയെടുക്കുന്നു.)

ഒന്നാ— അയ്യോ ഓടിവായോ. കള്ളൻ എൻെറ കാശും കൊണ്ടു കടക്കുന്നേ.

രണ്ടാ— എടാ. ശബ്ദിക്കരുതു് (വാ പൊത്തിപ്പിടിക്കുന്നു) മിണ്ടിപ്പോയാൽ നിന്നെ ഞാൻ കൊല്ലും. (ഒരു വിസിൽ കേൾക്കുന്നു. അതു കേട്ടു് ഓടുന്നു. ഓടുമ്പോൾ ഒരു കടലാസു് താഴെയിടുന്നു)

ഒന്നാ- മഹാപാപി. എന്നെപ്പററിച്ചോടാ. എത്രനാൾ ഞാൻ തെണ്ടിക്കിട്ടിയ കാശാരുന്നടാ അതു്. നിനക്കു കൊണം വരിയേലടാ. (പോലീസു് പ്രവേശിക്കുന്നു)

പോ— എന്താടാ തെണ്ടീ ഇവിടെ ബഹളം കേട്ടതു്?

ഒന്നാ— അതാരാ? ഏമാനനാണോ. ഒരു കള്ളൻ എൻെറക്കൂട്ടത്തി പിച്ചക്കാരനാന്നു പറഞ്ഞിരുന്നേച്ചു് എൻെറ കാശു മുഴവൻ തട്ടിപ്പറിച്ചോണ്ടു പോയേ. (കരയുന്നു)

പോ– ഏു കള്ളനോ? (നിലത്തു വീണ കടലാസ്സ് എടുത്തു വായിക്കുന്നു) ആരു്? ചൂടാമറയൻ! നിനക്കിനി രക്ഷയില്ലെടാ. പിടിച്ചിട്ടു മററു കാര്യം (ഓടുന്നു)

ഒന്നാ– എൻെറ കാശു മുഴുവനും ആ തെണ്ടി കൊണ്ടുപോയല്ലോ. ഇനി ഞാൻ എന്നാ എടുക്കും. (പിച്ചപ്പാത്രവുമെടുത്തോണ്ടു് തപ്പിത്തപ്പി പോകുന്നു)

(പോലീസു മറുവശത്തുനിന്നു് ഓടിവരുന്നു. മുമ്പോട്ടു നോക്കിക്കൊണ്ടു്)

പോ– ആ പോകുന്നതു അവൻ തന്നെ. തീന്നടാ നിൻെറ കച്ചവടം (ഓടുന്നു)

(വീണ്ടും പ്രവേശിക്കുന്നു)

പോ– അവനെങ്ങോട്ടുപോയി മറഞ്ഞു! അവനെന്നാ മായാവിയാണോ?

(ഒരാൾ, കയർ, കുററിക്കാൽ, കുട, മടിയിൽ പാളപ്പൊതി, എന്നിവധരിച്ചു വേഷപ്രച്ഛന്നനായി വരുന്നു)

പോ– എടാ, നിൽക്കവിടെ.

ആഗതൻ– (പരിഭ്രമം അഭിനയിക്കുന്നു)

പോ– എടാ, ഒരാൾ ഇപ്പോൾ അതിലേക്കൂടി പോകുന്നതു് കണ്ടോ.

ആഗ– ഏമാനേ ഒരു പിച്ചക്കാരൻ നാലു കാലും പറിച്ചു് ഓടുന്നതു കണ്ടു. എന്തിനാ ഏമാനേ ഈ പിച്ചക്കാരനെയിട്ടോടിക്കുന്നതു്?

പോ– ച്ഛേ! നീ എന്തുപറഞ്ഞു അവൻ പിച്ചക്കാരനോ! എടാ അവനാണു് കൊള്ളക്കാരൻ ചൂടാമറയൻ.

ആഗ– (ഭയന്നു്) അയ്യോ! ചൂടാമറയനോ!

(പോലീസ്സ് കള്ളനെ നോക്കിയോടുന്നു)

ആഗ– (വേഷം മാറി) ഹ ... ഹ ... ... ചൂടാമറയനെ പിടിക്കാൻ ഈ പോലീസിനെക്കൊണ്ടു സാധ്യമല്ല. അവൻ നിങ്ങളുടെ മുമ്പിൽ എപ്പോഴും ഉണ്ടു്. എന്നാൽ അവനെ പിടിക്കുക സാധ്യമല്ല. ഹ ...... ഹ ...... ഹ ......

കർട്ടൻ.

## രംഗം 8

### ഒരു സേട്ടുവിൻെറ ബംഗ്ളാവിൻെറ അകത്തെ മുറി

[ഭൃത്യൻ മജീദ് പ്രവേശിച്ച് മേശ, കസേര മുതലായവ ശരി പ്പെടുത്തി വയ്ക്കുന്നു.]

മജീദ്— (ആത്മഗതം) മുതലാളിയെ ഇത്രയും നേര മായിട്ടും കാണുന്നില്ലല്ലോ. എന്തായിരിക്കും ഇന്നി ത്ര താമസിക്കുന്നതു്? ഇവിടെ ഒരു കൊടിയ കള്ള നുണ്ടല്ലോ. അവൻെറ പേരെന്താ, ഞാൻ മറന്നു പോയല്ലോ.

(അവിചാരിതമായി മറെറാരു സേട്ടു പ്രവേശിക്കുന്നു.)

സേട്ടു— എന്തെടോ മറന്നുപോയതു്?

മജീ— അല്ലസാറെ, ഇവിടെ ഒരു വലിയ കള്ളനുണ്ട ല്ലോ. അവൻെറ കാര്യം ഞാനങ്ങു ഓർക്കുവാരുന്നു. അമ്പടാ, അവനാരാടാ പുള്ളി. എൻെറ സാറേ ഞാൻ വന്നിട്ടു രണ്ടുമൂന്നു ദിവസമേയായുള്ളു.

സേട്ടു— എടാ മണ്ടാ, അവനാണു് സുപ്രസിദ്ധ കൊള്ള ത്തലവൻ ചൂടാമറയൻ. നീ അവനെക്കണ്ടിട്ടു ണ്ടോ?

മജീ— എൻെറ സാറേ ഞാൻ കണ്ടിട്ടില്ല. എൻെറ എ ജമാനൻ പറഞ്ഞു കേട്ടിട്ടുണ്ട്. വലിയ കള്ളനാ ണ്, അതുകൊണ്ടു് സൂക്ഷിക്കണമെന്നു്.

സേട്ടു്— നിന്നെക്കാണിച്ചുതന്നാലവനെ പിടിക്കാമോ?

മജീ— അപ്പം കാണാം ഈ മജീദിൻെറ കരുത്തു്. ഈ കൈ എത്ര കൊലകൊമ്പന്മാരെ ഒതുക്കിയ കയ്യാ ണെന്നറിയാവോ? സാർ അവനെ കണ്ടിട്ടുണ്ടോ?

സേ— കാണാനൊന്നുമില്ല. നിൻെറ മുന്നിൽ തന്നെ യുണ്ടു്. ഈ നിൽക്കുന്ന ഞാൻ തന്നെ ചൂടാമറയൻ.

മജീ– അതു ശെമ്പിൽ; സാറേ എന്നെ കളിയാക്കാതെ.

സേ– നിന്നെ കളിയാക്കുകയല്ല. ഇതുകണ്ടോ, ഞാൻ തന്നെ ചൂടാമറയൻ (വേഷം മാറുന്നു)

മജീ– (വീരോടെ നിൽക്കുന്നു) എടാ! ചൂടാമറയാ. നിനക്കിനി രക്ഷയില്ല. നിന്നെ എന്റെ കൈകളിൽ ഒതുക്കും. (ഭൃത്യൻ ചാടിപ്പിടിക്കുന്നു.) ചൂടാമറയൻ തട്ടി താഴെയിട്ടു മുഖം കെട്ടി ഒരു മുറിയിൽ കൊണ്ടുപോയി തള്ളുന്നു. ചൂടാമറയൻ മജീദിന്റെ വേഷമണിഞ്ഞ് സ്റ്റേജിൽ പ്രവേശിക്കുന്നു)

(സേട്ടു ഒരു ബാഗുമായി പ്രവേശിക്കുന്നു.)

സേട്ട്– അടേയ് മജീദ്, കൊഞ്ചം തണ്ണി.

(ഭൃത്യൻ വെള്ളവുമായി പ്രവേശിക്കുന്നു. വെള്ളം മേശമേൽ വച്ചിട്ട് മുഖം മറഞ്ഞു നിൽക്കുന്നു)

സേ– (വീശിക്കൊണ്ടിരിക്കുന്നു) അടൈ മജീദ്, നീ അന്തപക്കം പോയി നന്നായി പാർ. യാർ എങ്കിലും വന്തുവിട്ടാൽ നമ്മകിട്ട ശൊല്ലവേണ്ടും. ജാഗ്രതൈ (ഭൃത്യൻ മിണ്ടുന്നില്ല)

സേ– എന്നടാ നീ മിഴിക്കിറേ . . . . .

ഭൃത്യ– നാൻ പാത്തുകൊണ്ടേ ഇരിക്കിറതേ സാമീ . . .

സേ– അടയ് മജീദ്, ജാഗ്രതൈ.

(ഭൃത്യൻവേഷം മാറി ചൂടാമറയന്റെ വേഷം അണിഞ്ഞ് കൈയ്യിൽ തോക്കുമായി നിൽക്കുന്നു)

സേ– (വീണ്ടും "ജാഗ്രതൈ" എന്നു പറഞ്ഞു തിരിഞ്ഞു നോക്കുമ്പോൾ കൈയ്യിൽ തോക്കുമായിനിൽക്കുന്ന ഒരപരിചിതനെ കാണുന്നു.)

സേ– യാർ നീ എന്നതർക്കിങ്കേ വന്തായ്

ചൂടാ– ഹ . . . ഹ . . . ഹ . . . നാൻ . . . നാൻ.

സേ– യാർ നീ? ശീഘ്രം ശൊൽ

ചൂടാ– ഹ . . . ഹ . . . ഹ . . . നാൻ താൻ ചൂടാമറയൻ.

സേ– ഹായ് ചൂടാമറയൻ . . . എന്നത്തുക്കാക നീ ഇങ്കേ വന്തായ്?

ചൂടാ– ഉൻ പണത്തിക്കാഹ വന്തേൻ

സേ– ഉയിർമേൽ കൊഞ്ചം ആശയിരുന്താൽ ശീഘ്രം ഓടിവിട്ട്. അല്ലാതെ വിട്ടാൽ നാൻ പോലീസി നെ കൂപ്പിടുവേൻ.

(സേട്ടു ഫോണെടുക്കുന്നു. എടുക്കുമ്പോൾ ഫോൺ തവിടുപൊടിയായിക്കിടക്കുന്നു)

ചൂടാ– ഹ ... ഹ ... ഹ ... ഉയിർമേൽ ഉനക്കു കൊഞ്ചം ആശയിരുന്താൽ ഉങ്കളുടെ പണപ്പെട്ടി ഇവൻ കൈയ്യിൽ കൊടു. എന്നെ തപ്പിക്കവേ മുടിയാതു്. ഉൻ തുണക്കാഹ ഇങ്കെ യാരുമെ വരവില്ലൈ. ഉൻ തോഴനും പോയി വിട്ടാർ ഹ ... ... ഹ ......

(സേട്ടു കൈത്തോക്കെടുക്കുവാനായി മേശ തുറക്കുമ്പോൾ ചൂടാമറയൻ തോക്കു സേട്ടുവിൻെറ ചങ്കിനു നേരേ ചൂണ്ടുന്നു)

ചൂടാ– ഉനക്കു സമയം കിടയാതു. ഉം കൊടു പണം. (തട്ടിപ്പറിച്ചശേഷം പുറകോട്ടു മറയുന്നു. സേട്ടു വിഷണ്ണനായി വിറച്ചുകൊണ്ട് ബഹളമുണ്ടാക്കുന്നു. അടുത്തമുറിയിൽ ബഹളം. അങ്ങോട്ടു ചെന്ന് സേട്ടു ബന്ധനസ്ഥനായ മജീദിൻെറ കെട്ടഴിച്ചു കൊണ്ടുവരുന്നു. മജീദ് മോഹാലസ്യപ്പെട്ടു വീഴുന്നു. ഇതുകണ്ട് ഉടനെതന്നെ സേട്ടു നെടുവീപ്പിട്ടു കൊണ്ട് മജീദ് ...... മജീദ് ...... എന്നു പറഞ്ഞു വീഴുന്നു)

കർട്ടൻ

## രംഗം 9

### പൂവട്ടത്തു വീട്

[ജോയി വൈദിക പഠനത്തിനു് പുറപ്പെടാനായിട്ട് ഒരുങ്ങിനിൽക്കുന്നു. ട്രങ്ക്, ബാഗ്, കുട, എന്നിവ വച്ചിരിക്കുന്നു. റോബർട്ടും കസേരയിൽ ഇരിക്കുന്നു]

റോബ– യാത്രയ്ക്കു വേണ്ടതെല്ലാം ഒരുക്കിവച്ചോ മോനേ?

ജോയി– എല്ലാം ശരിപ്പെടുത്തി വച്ചപ്പച്ചാ. പോകുന്നതിനുമുമ്പ് പുതുശേരിയിലെ ചാക്കോപ്പി അപ്പൂപ്പനെ ഒന്നു കണ്ടാൽ കൊള്ളാമായിരുന്നു. അപ്പൂപ്പനിപ്പോൾ കുമ്പസാരവും, കുർബാനയുമെല്ലാം സ്വീകരിച്ചുകഴിഞ്ഞു് ഭക്തിയിലാണല്ലോ.

തൊ– (ചാടി പ്രവേശിച്ചു്) എന്റെ കുഞ്ഞേ, അക്കാര്യം ഒന്നുകൂടെ പറ. മുമ്പതിലേയെങ്ങാനും വഴി നടക്കാമായിരുന്നോ. എപ്പോഴും വള്ളാവേലിയും പ്രാക്കും ദൂഷണവും അല്ലായിരുന്നോ. ഇപ്പോൾ അതൊക്കെ അങ്ങുപോയിട്ടു് എന്തു സമാധാനം! എന്തു് ഐശ്വര്യം! ഇപ്പോഴെങ്ങനാണെന്നോ. ഇപ്പം കള്ളു് ആ കുടുംബത്തിൽ കേററിയേലന്നാ കേട്ടതു്. ആ ചെത്തുകാരൻ ശങ്കു അവന്റെ വയററത്തടിച്ചെന്നും പറഞ്ഞാ നടക്കുന്നതു്:

റോ– ആങ്ഹാ! അത്രവരെയായോ. മൂപ്പിലെ കള്ളുകുടി നിത്തിയോ.

ജോ– കുമ്പസാരത്തിനും കുർബാനയ്ക്കും മുമ്പായി ഞാൻ ഡോക്ടരെ കൂട്ടിക്കൊണ്ടു ചെന്നു കഴിഞ്ഞതപ്പഴേ എന്നോടു് കള്ളുകുടി നിത്താമെന്നു് സമ്മതിച്ചിട്ടുണ്ടായിരുന്നു.

തൊ– നമ്മുടെ ജോയിക്കുഞ്ഞിന്റെയും, ആ അച്ചന്റെയും ഉത്സാഹം ഒന്നുകൊണ്ടാ അക്കാര്യം ഇങ്ങനെയൊക്കെ വന്നതു്.

ജോ— തൊമ്മിച്ചേട്ടാ! അക്കാര്യം ഇങ്ങനെ മംഗളമായി പര്യവസാനിച്ചതിനു് ദൈവത്തിനാണു് നന്ദി പറയേണ്ടതു്.

റോ— തൊമ്മീ! 11 മണിക്കല്ലേ ട്രെയിൻ പോകുന്നതു്. നീ ചെന്നു വേണ്ടതെല്ലാം ശരിയാക്കു്. കാറിനു് ഞാൻ ഓർഡർ ചെയ്തിട്ടുണ്ടു്.

തൊ— (കരയുന്നു) എന്റെ ജോയിക്കുഞ്ഞേ, കുഞ്ഞിനേ ഞാൻ ഇനിയെന്നാ കാണുന്നതു്? എനിക്കാരോടാ ഇവിടെ വർത്തമാനം പറയാനുള്ളതു്. ഇനിയെനിക്കു് ഉപദേശം നൽകുന്നതു് ആരാണു്? എന്റെ ജോയിച്ചാ (കെട്ടിപ്പിടിച്ചു് കരയുന്നു. റോബർട്ടു് സങ്കടത്തോടെ മുഖം തിരിച്ചുകളയുന്നു.

ജോ— (വ്യസനത്തോടെ) തൊമ്മിച്ചേട്ടൻ കരയാതെ. ഞാൻ നല്ല കാര്യത്തിനല്ലേ പോകുന്നതു്. അതിനു തൊമ്മിച്ചേട്ടൻ പ്രാർത്ഥിക്കാനുള്ളതിനു പകരം കരയുകയാണോ ചെയ്യുന്നതു്. ഛേ! കുറച്ചിൽ! തൊമ്മിച്ചേട്ടനെന്നാ കൊച്ചുകുട്ടിയാണോ?

തൊ— എന്നാലും ജോയിച്ചനതു പറയാം. എന്റെ മനസ്സിലെ വിഷമം എനിക്കേ അറിയാവൂ. ഞാനും ചേട്ടനും മാത്രമല്ലേ ഇവിടെയുള്ളൂ. ഒരു പെങ്ങളുള്ളതു് എങ്ങാണ്ടു് ഒരു ഏടാകൂടം മഠത്തിലായി. അതിനെങ്ങാൻ ഇങ്ങോട്ടു വരാനൊക്കുമോ. ആങ്ങളയ്ക്കും പെങ്ങൾക്കും ഈ ബുദ്ധിയാണല്ലോ തോന്നിച്ചെ. കുഞ്ഞു തന്നെ ഒന്നു പറഞ്ഞേ. ഇനി ഇവിടെ ഒരു മരിച്ച വീടുപോലെയല്ലേ. ഞാൻ പറഞ്ഞിരുന്നാൽ നേരം പോകും. ഞാനകത്തു പോയി എല്ലാം ശരിയാക്കട്ടെ. (പോകുന്നു)

(ചാക്കോപ്പി ചുമച്ചു ചുമച്ചു് വടി കുത്തിപ്പിടിച്ചു് വരുന്നു, കാക്ക കൂടെയുണ്ടു്.)

ജോ— അയ്യോ! അപ്പച്ചനെന്തിനാ ഈ നടക്കാൻ വയ്യാത്തപ്പം ഇങ്ങോട്ടുവന്നതു്? ഞാനങ്ങോട്ടു വരാൻ തുടങ്ങുകയായിരുന്നു. (പിടിച്ചു കസേരയിലിരുത്തുന്നു)

ചാക്കോ— എന്റെ കുഞ്ഞേ! നീ പോകുന്നെന്ന് കേട്ടിട്ട് എനിക്കു മേലാതുന്നു എന്നു വരികിലും, നിന്നെയിനിയെന്നാ കാണാനൊക്കുന്നതെന്നു വിചാരിച്ചാ ഞാനിവിടെ വന്നതു്. (ചുമയ്ക്കുന്നു)

റോ— മേലാതിരുന്നപ്പം ഇങ്ങോട്ടു വരണ്ട കാര്യമില്ലായിരുന്നു. അവൻ അങ്ങോട്ടു വരുമായിരുന്നല്ലോ. ഇത്ര ബുദ്ധിമുട്ടേണ്ട ആവശ്യം വല്ലതുമുണ്ടോ?

ചാ— എന്റെ കുഞ്ഞേ! നീ എനിക്കുവേണ്ടി ചെയ്ത ഉപകാരങ്ങൾ ഞാൻ മരിച്ചാലും മറക്കുമോ. ദൈവം കുഞ്ഞിനേ എപ്പോഴും അനുഗ്രഹിക്കും.

ജോ— സമയം ഏകദേശമായി. ഞാനിറങ്ങട്ടെ (റോബർട്ടിനു് സ്തുതിചൊല്ലുന്നു.)

റോ— (കണ്ണുപൊത്തി കരഞ്ഞുകൊണ്ടു്) എന്റെ കുഞ്ഞേ! നീ കൂടെക്കൂടെ എഴുത്തുകളൊക്കെ അയയ്ക്കണം കേട്ടോ. നീ ചുമക്കുവാൻ പോകുന്ന ഭാരം, ചുമതലയോടെതന്നെ വഹിക്കണം. മേലധികാരികളെ എപ്പോഴും അനുസരിക്കണം. നിന്റെ കാര്യങ്ങളെല്ലാം ഭംഗിയായി നടത്തികൊള്ളണം. ഈ അപ്പനും നിന്റെ അമ്മയ്ക്കും, പെങ്ങൾക്കും വേണ്ടി പ്രത്യേകം പ്രാർത്ഥിക്കണം. നിനക്കു വേണ്ടത്ര അറിവുണ്ടെന്നു് എനിക്കറിയാം. പ്രത്യേക ഉപദേശമൊന്നും നിനക്ക് പറഞ്ഞുതന്നിട്ടാവശ്യമില്ല. ദൈവം നിന്റെ സർവ്വ കാര്യങ്ങളിലും നിന്നെ അനുഗ്രഹിക്കട്ടെ.

ജോ— (ചാക്കോച്ചിക്കു് സ്തുതിചൊല്ലുന്നു)

ചാ— എന്റെ കുഞ്ഞേ, ദൈവം നിന്നെ അനുഗ്രഹിക്കട്ടെ ഈ അപ്പാപ്പന്റെ കാര്യം പ്രത്യേകം ഓർമ്മിക്കണേ. ശൗരിയുടെ മനസുതിരിവിനു് നീ പ്രത്യേകം പ്രാർത്ഥിക്കണം.

ജോ— തൊമ്മിച്ചേട്ടാ ട്രങ്കൊക്കെ എടുക്ക്. നമുക്കു പോകാം (കാക്കുവിനോട്ടു്) എന്നാൽ ഞാൻ പോയി

വരട്ടെ. എഴുത്തയയ്ക്കണം കേട്ടോ. അപ്പന്റെ കാര്യം പ്രത്യേകം ശ്രദ്ധിക്കണം. (ജോയി റോബർട്ടിന്റെ നേരേ നോക്കുന്നു.)

കർട്ടൻ

---

## രംഗം 10

### പുതുശേരി വീട്

[ചാക്കോപ്പി മരണാസന്നനായി കിടക്കുന്നു. സമീപത്ത് ഒരു മേശമേൽ തൂങ്ങപ്പെട്ട രൂപം, മരുന്നുകുപ്പികൾ, ഒരു ഗ്ലാസ്, കട്ടിലിനോട് ചേർന്ന് ഒരു കസേര ഇവ കിടക്കുന്നു. റോബർട്ടും തൊമ്മിയും കാക്കവും ദുഃഖിച്ചു നിൽക്കുന്നു.]

ചാക്കോ— (ഞരങ്ങിക്കൊണ്ട്) എന്റെ ഈശോ എന്റെ രക്ഷയായിരിക്കേണമേ. എന്റെ അമ്മേ! എന്റെ ആശ്രയമേ. എടാ കാക്ക! നീയിങ്ങു വന്നേടാ, മരുന്നു താടാ കുഞ്ഞേ.

കാക്ക— അപ്പാ, വിമ്മിട്ടം കൂടുതൽ ആണോ?

ചാ— എനിക്ക് ശ്വാസംമുട്ടൽ കൂടുതലാകുന്നു.

റോ— കാക്ക, എന്നാൽ നമുക്ക് അച്ചന് ആളു വിടാം. (തൊമ്മിയോട്) തൊമ്മീ! നീ വേഗം ചെന്ന് അച്ചനോട് ചാക്കോപ്പിച്ചേട്ടന് സുഖക്കേട് കുറച്ചു കൂടുതലുണ്ടെന്നു പറയൂ. അച്ചനോട് ഒപ്രുംശ് മയ്യുള്ളത് കൂടി എടുത്തുകൊണ്ടുവരാൻ പറയൂ. (തൊമ്മി പോകുന്നു)

(ചാക്കോപ്പി ചുമയ്ക്കുന്നു. റോബർട്ട് നെഞ്ചു തടവുന്നു. കാക്ക ചുണ്ടിൽ വെള്ളം തൊട്ടു കൊടുക്കുന്നു)

(തൊമ്മി, അച്ചൻ, കപ്യാർ മുതലായവർ പ്രവേശിക്കുന്നു)

അച്ചൻ— (രോഗിയുടെ സമീപത്തുള്ള കസേരയിൽ

ചെന്നിരിക്കുന്നു) ചാക്കോപ്പിച്ചേട്ടാ, കണ്ണൊന്നു തുറന്നേ. എങ്ങനെയിരിക്കുന്നു?

ചാ— (വിഷമിച്ച്) ആരാരാ അച്ചനാണോ? എന്റെ അച്ചാ! എന്റെ നേരമടുത്തു. അച്ചാ, അധികം കഴിയുന്നതിനു മുമ്പ് ഞാൻ മരിക്കും. മരിക്കുന്നതിനു് എനിക്കൊരു വിഷമവുമില്ലല്ലോ എന്റെ അച്ചാ! ഒരുകാര്യം മാത്രം ഓർത്തിട്ടാണ് ചങ്കു തകരുന്നതു്. ഹൃദയം തകരുന്നച്ചാ. (മരുന്നു കൊടുക്കുന്നു) അച്ചാ, എന്റെമകൻ ... പോയ്പോയ മകൻ ശൗരി. അവനെപ്പററിയുള്ള ഒരു ഓററമന സ്സാപം മാത്രമേയുള്ളു. എനിക്കു്.

അച്ച— അധികം സംസാരിക്കുന്നതു് വിഷമമാണ്. ചാക്കോപ്പിച്ചേട്ടൻ ശൗരിയുടെ കാര്യമിപ്പോൾ വിചാരിക്കരുതു്. അവനെ ദൈവം നല്ലവഴിയിൽ തിരിച്ചുകൊണ്ടുവരും. അതോർത്തു ചാക്കോപ്പിച്ചേട്ടൻ വിഷമിക്കരുതു്. ഇപ്പോൾ നമ്മുടെ ആത്മീയകാര്യങ്ങളെപ്പററി ആലോചിയ്ക്കു. ലൗകികകാര്യങ്ങളെല്ലാം ഉപേക്ഷിക്കുക. ഒരു നല്ലമരണത്തിനു് ഒരുങ്ങുക. അതിനു് നന്മരണ മദ്ധ്യസ്ഥനായ യൗസേപ്പുപിതാവിനോടു് അപേക്ഷിക്കുക. അന്ത്യകൂദാശ തരുവാൻ പോകയാണ്. അതിനുവേണ്ടി ഒരുങ്ങുക (കപ്യാർ വേണ്ടതൊക്കെ എടുത്തു കൊടുക്കുന്നു. അച്ചൻ ഒപ്രു,ശുമാ നടത്തുന്നു.)

(ചാക്കോപ്പി വിഷമിയ്ക്കുന്നു. ചുമക്കുടുന്നു. വായു ശക്തിയായി വലിക്കുന്നു.)

റോ— ചേട്ടാ! ഈശോ ... മറിയം. യൗസേപ്പേ... എന്റെ ... ആത്മാവിനു് . . കൂട്ടായിരി ...ക്കേണമേ.

ചാക്കോപ്പി— (ഞരങ്ങി ഞരങ്ങി കൂടെ ചെല്ലുന്നു. അന്ത്യശ്വാസം വലിക്കുന്നു. കാക്കു, "എന്റെ അപ്പാ എന്നെ വിട്ടുപോയോ" എന്നു പറഞ്ഞു നെഞ്ചത്തു വീണുകരയുന്നു. റോബർട്ടു് കാക്കുവിനെ സമാധാനപ്പെടുത്തുന്നു) കർട്ടൻ

## രംഗം 11

### ആരണ്യം

[തസ്ക്കരനേതാവായ ചൂടാമറയൻ പ്രവേശിക്കുന്നു]

ചൂടാ– ഹ ... ഹ ... ഹ ... ഹ ... ഹാ ... പിതാവു്, എന്തുപിതാവു്? തുലയട്ടെ. തുലഞ്ഞാൽ ആർക്കെന്തു നഷ്ടം. ഭൂമിക്കു ഭാരം ഒഴിയട്ടെ. ഹ ... ഹ ... ഹ ... ഹ ... പുതുശേരി വീട്ട് അങ്ങനെ നിരക്കട്ടെ. എൻെറ അപ്പൻ ആ കിഴവൻ, എന്നെ തല്ലിയോടിച്ച ആ കിഴവൻ, എനിക്കു സന്മാതൃക കാണിച്ചുതന്ന ആ കിഴവൻ ... എന്നെക്കൂടി കടി പഠിപ്പിച്ച ആ കിഴവൻ മണ്ണിനടിയിൽ. ഹ ... ഹ ... ഹ ... (പണക്കിഴി പൊക്കിക്കാണിച്ചു്) ഇതിനകത്തുള്ളതു് മണിമാളികകളിലും ഇരുമ്പുപെട്ടികളിലുമിരുന്നു വീർപ്പുമുട്ടിയ സ്വർണ്ണരത്നപ്പണ്ടങ്ങൾ! ഇതുപോലെയുള്ള സാധനങ്ങൾ ആരുടെ പക്കലാണുള്ളതു്! മോഷണംപോലെ അഭികാമ്യവും നിരുത്തരവാദപരവുമായ ജോലി എന്താണുള്ളതു്.! ഹ ... എന്തു സുഖം! ആരെ ഭയപ്പെടണം? ഹ ... ഹ ... ഹ ... ദൈവം മനുഷ്യരുടെ സങ്കല്പസൃഷ്ടി. സർവ്വവ്യാപിയാണുപോലും! എന്തു വ്യാപി, മറയത്തരം. മൂഢന്മാരുടെ അന്ധവിശ്വാസം. എടാ ശൗരി ... അല്ലല്ല, എടാ ചൂടാമറയാ, നീയിതെല്ലാം വിശ്വസിക്കുന്നുവോ. ഇവിടത്തെ സർവ്വവ്യാപിഞാനാണു്; സർവ്വവ്യാപി ഞാൻ. (പരിഹാസത്തോടെ ചിരിക്കുന്നു.) പോലീസു് ... ഒരുകൂട്ടം മറയന്മാർ! എൻെറ കഴിവിൻെറ മുമ്പിലവരെല്ലാം വെറും ശലഭങ്ങൾ. ഗവമ്മെൻറും പട്ടാളവുമെല്ലാമെനിക്കു പുല്ലാണു്! ചുണയില്ലാത്ത

പട്ടികൾ! അല്ലെങ്കിൽ എത്രപേർ വേണമെങ്കിലും വരട്ടെ. ചൂടാമറയൻെറ ശക്തി എന്തെന്ന് അപ്പോൾ തെളിയും.

(കയ്യിൽ കുറെ ചപ്പും പിടിച്ച് തുള്ളിത്തുള്ളി പ്രാകൃതവേഷത്തിലൊരു ഭ്രാന്തൻ പ്രവേശിക്കുന്നു.)

ഭ്രാന്തൻ— കല്ലായിക്കടത്തുകല്ലിൻെറ മുനമ്പത്ത് കാതിർ കാക്കാടെ തോണി ഭും ഭും ഭും. കൊല്ലത്തുനിന്നൊരു കാക്കവന്ന് കൊയിലാണ്ടീക്കൂട്ടകെട്ടി. എന്തിനാടാ ചിരിക്കുന്നേ ചിരിച്ചാൽ പഞ്ചാരവാരി വായിലിടും.

ചൂടാ— (കഠാരി ഊരി) നീയാര്? എന്തിന് ഇവിടെ വന്നു?

ഭ്രാന്ത— നീയാര്? ഞാനാര്? ഞാനാര്? നീയാര്? എന്തിനു ഇവിടെ വന്നു. എന്തിനു ഇവിടെവന്നു. വേഗം പറ. ഒററ ചോദ്യം, ഒററ ഉത്തരം.

ചൂടാ— ഹ ... ഹ ... ഹ ... നിൻെറ പകിട്ടൊന്നും ഇവിടെ വേണ്ട. വേഗം വാസ്തവം പറഞ്ഞോളൂ. അതാണു നല്ലത്. (കൈക്കു പിടിക്കുന്നു. ഭ്രാന്തൻ മറേറ കൈക്കു പിടിക്കുന്നു.)

ഭ്രാന്ത— വാസ്തവം പറ. അതാ നല്ലത്. വേഗം പറ നീയാര്? ഞാനാര്? ഹ ... ഹ .. ഹ ... സ രി ഗ മ പ ധ നി സ ... ... സ നി ധ പ മ ഗ രി ... രി ... രി ... രീ ... (കരയുന്നു.)

ചൂടാ— നിന്നെക്കൊണ്ടു ഞാൻ സത്യം പറയിക്കും (ചാട്ടയടിച്ചു ശബ്ദം കേൾപ്പിക്കുന്നു)

(ഭ്രാന്തൻ—പുറം തിരുമ്മി ചാട്ടകൊണ്ടടിക്കുന്ന ആംഗ്യം കാണിക്കുന്നു.) അല്ല നീയെന്നെ അടിക്കും ഇല്ലേ. നീയടിച്ചാൽ ഞാൻ കരയും. ഞാനെൻെറ അമ്മച്ചിയോടു പറയും (കരയുന്നു). കള്ളാ! മുത്തുകള്ളാ. യൂ ആർ എ ഫൂൾ! തും ഇധർ ബൈഠോ.

ചൂടാ— ഇവനെവിടുന്നു തുടലും പൊട്ടിച്ചോണ്ടു വന്നു!

ഭ്രാന്ത— അതാ ഞാനും ചോദിക്കുന്നേ? നീയെവിടുന്നു കയറും പൊട്ടിച്ചോണ്ടു വന്നു? നീയെന്നെ ചാട്ട കൊണ്ടടിച്ചാൽ നിന്നെ ഞാൻ മരം പറിച്ചടിക്കും. കരുതിക്കോ.

ചൂടാ - എടാ വേഗം ഇവിടുന്നു പൊയ്ക്കോ. അതാണു നല്ലതു്. നീ കിറുക്കനായതുകൊണ്ടു നിന്നെ ഞാൻ ഉപദ്രവിക്കുന്നില്ല. പക്ഷേ, എൻെറ അനുചരന്മാർ കണ്ടാൽ നിന്നെ വെറുതേ വിടുകേല. ജീവൻ വേണേൽ പൊയ്ക്കോ.

ഭ്രാന്ത— സച്ചിദാനന്ദാ ... സർവ്വേശരാ.
ജഗൽപിതാവേ ... പരം പൊരുളേ.

സർവ്വാധിപതിയേ ... ജഗന്നാഥാ.
ജഗദീശാ ... കരുണയുള്ള ഗുരോ.

കാരുണ്യ പാരാ വാരമേ ...
ഭഗവാനേ, ദൈവമേ.

(കൈക്കൂപ്പി വട്ടത്തിൽ ചുററുന്നു.)

ചൂടാ— ഓഹോ ഇതരക്കിറുക്കല്ല; മുഴക്കിറുക്കാണു്. എടാ ഇതുപോലെയുള്ള അപശബ്ദങ്ങൾ ഇവിടെ ഉച്ചരിച്ചുപോയാൽ നിന്നെ കൊന്നുകളയും. ഇവിടെന്നു ഓടിക്കോ. അതാ നല്ലതു്.

ഭ്രാന്ത - ഇതാണെൻെറ രാജ്യം. അപ്പോൾ നീയാണോ ഞാനാണോ രാജാവു്, ഞാൻ തന്നെ. നീ കള്ളൻ· ഞാൻ കിറുക്കൻ ഹ ... ഹ ... ഹ .. (പ്പോകുന്നു. പോകുന്ന വഴിക്കു്) ശംഭോ മഹാദേവ ... ദേവാ ...

ചൂടാ— എവിടുന്നു ചാടിയടാ ഈ ചരക്കു്. ഇങ്ങനെയൊരു മുഴക്കിറുക്കൻ. കിറുക്കനാണെങ്കിൽ ദൈവനാമങ്ങൾ ഇവനെന്തിനു പറയുന്നു· ഒരുപക്ഷേ

കിറുക്കപിടിക്കുതിന്നനുമുമ്പ് മിടുക്കനായിരിക്കാം. കൂട്ടുകാരെ കാണുന്നില്ലല്ലോ. ആ കോമട്ടികൾ എവിടെപ്പോയി. സമയം പോകുന്നല്ലോ. (വിസിലടിക്കുന്നു. ദൂരെനിന്നു പ്രത്യുത്തരമായി വിസിൽ കേൾക്കുന്നു.) ഇല്ല; അവന്മാർ ഇവിടെ അടുത്തുതന്നെയുണ്ട്.

(അനുചരന്മാർ രണ്ടുപേരും പ്രവേശിച്ച് തല കുനിഞ്ഞ് ആചാരം ചെയ്യുന്നു.)

ചൂടാ— കള്ളശിരോമണികളേ, നിങ്ങൾ ഇത്രയും സമയം എവിടെയായിരുന്നു? നിങ്ങൾ കൊണ്ടുവന്നതെല്ലാം കാണട്ടെ. നിരത്തി വെയ്ക്കുവിൻ.

(രണ്ടുപേരും സാമാനങ്ങൾ നിരത്തിവെയ്ക്കുന്നു. ചൂടാമറയൻ ഓരോന്നായി പരിശോധിക്കുന്നു.) ഈ ആഭരണങ്ങൾ ആരുടേയു്? വിക്രമൻ അടിച്ചെടുത്തതാണോ? മിടുക്കൻ. മിടുമിടുക്കൻ.

(ചേന്ദന്റെ സാധനങ്ങൾ നോക്കിക്കൊണ്ടു്) ഛീ! തെണ്ടീ, നീ ഇതാണോ ഇന്നു മുഴവനും ബുദ്ധിമുട്ടിയിട്ടു കൊണ്ടുവന്നതു്. എടാ നിന്നെക്കൊണ്ടു് വീതം മേടിക്കാനല്ലാതെ ഒന്നിനും കൊള്ളത്തില്ല. നിനക്കിന്നു് ഒന്നുമില്ല.

ചേന്ദൻ— ഇന്നലെ രാത്രി ബുദ്ധിമുട്ടിയിട്ടു് കിട്ടിയതു് മുഴുവനും ആണു് ഇതു്. എനിക്കൊന്നും കിട്ടിയില്ലെങ്കിൽ ഞാനെന്തെടുക്കും. ഞാൻ പട്ടിണി കിടക്കണ്ടേ.

ചൂട— എടാ വിക്രമാ, നീ അതെല്ലാം എടുത്തുവെയ്ക്കു്. ഭാഗം എല്ലാം പിന്നീടു്. പാർട്ടി നടക്കട്ടെ.

ഒന്നാമൻ— (മൂന്നു നാലു കുപ്പികൾ നിറയെ കള്ളുമായി പ്രവേശിക്കുന്നു.)

ചൂടാ— (കുറെക്കുടിച്ചു കഴിഞ്ഞു) എഴാ—ശേന്നാ... നീ ഒന്നും ഭയപ്പെഴേണ്ടടാ. ഞാനല്ലേഴാ ഉള്ളതു്. എവനെങ്കിലും വന്നാൽ എന്റെ ഉശിർപോയാലും ശരി അവനെയൊന്നും ഞാൻ വിടുകില്ല.

ചേന്ദ– അതെന്തിനാ യശമാനാ. ചേന്നനെയൊന്നും ആഴ്ഴം ഒന്നും ചെയ്യാൻ വളന്നിട്ടില്ല. ചേന്നനെ ത്തഴ പഴേത്തു കണ്ടതാ (കുടിക്കുന്നു)

വിക്ര– എഴാ ശേന്നാ. നീ സംസാഴിക്കരുത്ത്. സൂഴിച്ചു ... വേണം. യേമാൻ ഇഴിക്കുന്നതു ഓഴത്തുവേണം... പഴയാൻ ...മനസ്സിലായോഴാ ...

ചേന്ദ– അതു സംസാഴിക്കാൻ നെനക്കെന്നാ ഉത്തിയോഗക്കയററം വല്ലതുമുണ്ടോഴാ, കഴുതേ. സൂഴിച്ചോണം.

ചൂടാ– എഴാ ...പന്നികളേ നിങ്ങൾ എന്നോടു മേഴിക്കും. (ചാട്ടയടിക്കുന്നു) ഹ ... ഹ ... ഹ ... ഹ... നിങ്ങളൊക്കെ പട്ടികളായ പഴ്ഷികൾ.

വിക്ര– ഈ വിക്കഴമെൻറയടുത്ത്ത് ഇതൊന്നും ശെലവാകിയേല.

(ചൂടാമറയൻ വിക്രമനെ അടിക്കുന്നു. ശേന്ദനുമായി ഇടി. അവസാനം ശേന്ദനെ അടിച്ചു വീഴ്ത്തുന്നു. വിക്രമൻ താളം തല്ലുന്നു.)

ചൂടാ– (വിക്രമനോട്ട്) ആഴെഴാ. വിക്കഴമനോ വാടാ, നിനക്കും വേണോ (അടിച്ചുവീഴ്ത്തുന്നു) ഹ ... ഹ ... ഹ ... ഹ ...

കർട്ടൻ

## രംഗം 12

### പൂവത്തുവീടിൻെറ പൂമുഖം.

[ഒരു പോസ്റ്റ് പ്യൂൺ പ്രവേശിച്ച് "വീട്ടുകാരേ ഇവിടെയാരുമി ല്ലേ" എന്ന് രണ്ടു പ്രാവശ്യം പറയുന്നു. അല്പസമയത്തിനു ശേഷം തൊമ്മി പ്രവേശിക്കുന്നു. വേഷം കരിപുരണ്ട മുണ്ട്.]

തൊമ്മി— എന്തിനാ സാറേ എന്നെ വിളിച്ചതു്?

പ്യൂൺ— എടോ തൻെറ മുതലാളിക്കൊരു കമ്പി യുണ്ട്.

തൊ— കമ്പി ശെമ്പിൽ! എൻെറ സാറേ ഞങ്ങൾക്കി ഷ്ടംപോലെ കമ്പിയുണ്ട്. ഞങ്ങൾക്കിനി കമ്പി വേണ്ട.

പ്യൂ— എടോ! തന്നോടാ കമ്പീടെ കാര്യമല്ല പറ ഞ്ഞതു്.

തൊ— പിന്നെയേതാ സാറേ? കമ്പിയുടെ അററത്തു വി ളക്കു കത്തുന്ന കാര്യമാണോ? അതാണേ ഞങ്ങൾ ക്കൊട്ടും വേണ്ട. ഞങ്ങടെ മുതലാളി എങ്ങാണ്ടു ദൂര ദേശത്തു പോയപ്പം ഒരുപാട് ലൈററു കമ്പി കൊണ്ടുവന്നിട്ടുണ്ട്. ആ സാറെ ഇപ്പഴല്ലേ എനി ക്കു മനസ്സിലായതു്. ഞങ്ങടെ ജോയിച്ചൻെറ പു ത്തൻ കർബാനയൊക്കെക്കഴിഞ്ഞു. വലിയ കേമ മാരുന്നു. അന്നേരം ജോയിച്ചൻ പറഞ്ഞിരുന്നു. റബേക്കിൻെറ കമ്പി അയച്ചുതരാമെന്ന് എൻെറ സാറേ എനിക്കു മണ്ടത്തരം പററിയതാ. ഇങ്ങു തന്നേരു്.

പ്യൂ— ശെടാ. ഇവൻ എവിടുന്നു കയറുപൊട്ടിച്ചോണ്ടു വന്നടാ. എടാ നിനക്കു കശിനീ ജോലിയി ല്ലേടാ?

തൊ— പിന്നെന്തിനാ സാറേ എന്നെ വിളിച്ചതു്.

പ്യൂ— നിൻെറ മുതലാളിയെ ഒന്നു കാണാനാ.

തൊ— പിന്നേ, തേ ഒരു കാര്യം. മുതലാളിക്കു പറഞ്ഞാലുണ്ടല്ലോ. നമ്മുടെ പഴേ സ്നേഹമൊക്കെ അങ്ങു പോകും. ഞാനിവിടത്തെ ചോറാ തിന്നുന്നതു്. പിന്നേയ് നിങ്ങളുടെ വേലക്കാരനെപ്പോലെയല്ല എന്നെ ഇവിടെ എടുത്തിരിക്കുന്നതു്. ഇവിടത്തെ ജോയിക്കുഞ്ഞിനെപ്പോലെയാ എന്നെയിവിടെ നോക്കുന്നതു്.

പ്യൂ— എടോ, ഒരു കാര്യം ഞാൻ പറഞ്ഞേക്കാം. അങ്ങാടിപ്പിള്ളേരോടു കളിക്കുന്നതുപോലെ എന്നോടു കളിക്കരുതു്. ഞാനാരാണെന്നു് അറിയാമോ?

തൊ— എനിക്കറിയാം. സാറല്ലേ, ഈ എഴുത്തു കൊണ്ടുപോയി നടക്കുന്ന പാവം. അതിനു് കാശുതികയാഞ്ഞിട്ട് ഇപ്പം കമ്പിക്കച്ചവടംകൂടി തൊടങ്ങിയിരിക്കുവാ. ഇവിടെ ഏതായാലും വേണ്ട സാറെ. വേറെ വല്ലോക്കും കൊണ്ടുപോയി കൊട്.

(ശബ്ദംകേട്ടു് റോബർട്ടു് പ്രവേശിക്കുന്നു.)

റോ— എടോ തൊമ്മിച്ചേട്ടാ, താനാരുമായിട്ടാ, ഇവിടെ സംസാരിക്കുന്നതു്?

തൊ— ഞാനീ എഴുത്തു സാറിനോടു് കമ്പി ഇവിടെ ഒരുപാടുണ്ടായിരുന്നതുകൊണ്ടു വേണ്ടെന്നു പറയുവാരുന്നു.

പ്യൂൺ— റോബർട്ടു് മാപ്പിളേ! ഈ തൊമ്മി സത്വത്രമോശമായി വരികയാണു്. ഇവനോടു് ഒരു കമ്പിസന്ദേശം ഉണ്ടെന്നു പറഞ്ഞിട്ടു് ഇവൻ കളിയാക്കുകയായിരുന്നു. ഏതായാലും ഇയാൾ കുറെ അധികപ്പററാണു്.

റോ— എടോ തൊമ്മിച്ചേട്ടാ, തന്നോടു് ഞാൻ പറഞ്ഞിട്ടുണ്ടല്ലോ ആരോടും വിളച്ചിൽ എടുക്കരുതെന്നു്. തനിക്കിത്രയും പ്രായമായില്ലേ? പൊയ്ക്കോ അകത്തു്.

(റോബർട്ട് കമ്പിവാങ്ങിഒപ്പിട്ട് ഏറ്റുവാങ്ങുന്നു. പ്യൂണിന് 8 ണ. കൊടുത്തു വിടുന്നു. റോബർട്ട കമ്പി വായിക്കുന്നു.)

പൂനാ.

പരീക്ഷ കഴിഞ്ഞു. നാട്ടിലേയ്ക്കു മടങ്ങുവാൻ അനുവാദം കിട്ടി. അടുത്ത എക്സ്പ്രസിനു പുറപ്പെടും.

എന്ന്, മകൻ.
ഫാ: ജേക്കബ്ബ്.

(വായിച്ചു കഴിഞ്ഞ് തൊമ്മിയെ വിളിക്കുന്നു.)

റോ— എടാ, തൊമ്മീ. ഒരു സന്തോഷവാർത്തയുണ്ട്.

തൊ— എന്താ ജോയിച്ചൻ വരുന്ന കാര്യമായിരിക്കുമല്ലേ?

റോ— നീയെങ്ങനെയാ അതറിഞ്ഞെ?

തൊ— അതല്ലാതെ പിന്നെന്താ നമുക്കൊരു സന്തോഷവാർത്ത. അപ്പഴേ ഇന്നാള് പറഞ്ഞത്, ജോയിച്ചൻ വരാനിനി ഒരുമാസംകൂടി ഒണ്ടെന്നല്ലേ?

റോ— മുറയ്ക്കുപറഞ്ഞാൽ ഇനിയും ഒരു മാസംകൂടിയുണ്ട്. ചൂടിൻെറ കൂടുതൽ മൂലം വിദ്യാലയങ്ങൾക്കെല്ലാം നേരത്തെ അവധി കൊടുക്കുമെന്നു പത്രത്തിൽ കണ്ടായിരുന്നു. സെമിനാരിയും നേരത്തെ പൂട്ടിയതായിരിക്കും.

തൊ— അതു നന്നായി. ജോയിച്ചനു നേരത്തെ പോരാനൊത്തല്ലോ

റോ— നീയിങ്ങനെ പറഞ്ഞുകൊണ്ടു നിന്നാൽ മതിയോ. വല്ലതുമൊക്കെ ഒരുക്കണ്ടേ. മണി നാലായി, നാലരയ്ക്കാ ട്രെയിൻ വരുന്നത്.

തൊ— ഇങ്ങനെ പറഞ്ഞാൽ ഞാൻ എന്നാ ചെയ്യാനാ. പുത്തൻ കുർബാന കഴിഞ്ഞ് ആദ്യം വീട്ടിൽ വരുന്നതാ. വേണ്ടപ്പെട്ടവരെയൊക്കെ വിളിച്ചൊരു സദ്യ കൊടുക്കേണ്ടതല്ലേ.

റോ— കൊടുക്കാം തൊമ്മീ. ഞാനതിന് പ്ലാനിട്ടിരുന്നതാ. വരവു പെട്ടെന്നായിപ്പോയില്ലേ. അടുത്ത ഞായറാഴ്ച എല്ലാവരേയും വിളിച്ച് കേമമായ ഒരു സദ്യ കൊടുക്കാം. ഇപ്പം പറഞ്ഞതുപോലെ ഒരുക്ക്. ഞാനിതൊക്കെ ഒന്നു ക്രമപ്പെടുത്തിയിട്ട് സ്റ്റേഷനിലേയ്ക്കു ചെല്ലാം. നീയകത്തേയ്ക്ക് ചെല്ല്. (റോബർട്ട് ശരിയാക്കുന്നു. ഫാ. ജേക്കബും വികാരിയച്ചനും പ്രവേശിക്കുന്നു. ജോയി അപ്പനു സ്തുതി ചൊല്ലുന്നു. അപ്പൻ സന്തോഷത്തോടെ "ദാ! വന്നു കഴിഞ്ഞല്ലോ'' എന്നു പറഞ്ഞ് അടുത്തുചെന്ന് കൈ മുത്തുന്നു)

റോ— ഞാൻ സ്റ്റേഷനിലേയ്ക്കു വരാൻ തുടങ്ങുകയായിരുന്നു.

വികാരി— ട്രെയിൻ ഇന്നു മുൻകൂട്ടി വന്നു. ഞാൻ ഉടനെ സ്റ്റേഷനിലെത്തി ഫാ. ജേക്കബിനെ സ്വീകരിച്ചു. റോബർട്ടിന് എത്താൻ സാധിക്കയില്ലെന്ന് എനിക്കറിയാമായിരുന്നു.

റോ— അച്ചനെങ്ങിനെയാ വിവരം അറിഞ്ഞത്?

ഫാ. ജെയ്ക്കബ്— ഞാൻ വികാരിയച്ചന് ടെലഗ്രാം കൊടുത്തിരുന്നു.

റോ— ടെലഗ്രാം വളരെ താമസിച്ചാണ് എനിക്കു കിട്ടിയത്.

തൊമ്മി (അരിപ്പൊടി പുരണ്ട കൈകളുമായി വന്ന്) ജോയിച്ചോ! തൊമ്മിച്ചേട്ടൻ ഇവിടെ ഉണ്ടേ. ആ കയ്യൊന്നു മുത്തിക്കോട്ടെ.

ഫാ. ജെയ്ക്കബ്— തൊമ്മിച്ചേട്ടനെ മറന്നിട്ടില്ല.

തൊമ്മി— അതു കേട്ടാ മതി എനിക്ക്.

വികാ— ഇതെന്താ തൊമ്മീ കയ്യേല്?

തൊ— എന്റെയച്ചാ എന്നാ പറയാനാ. ഇപ്പഴാ ജോയിച്ചൻ വരുന്നകാര്യം അറിഞ്ഞത്. വല്ലതുമൊന്നു ഒരുക്കേണ്ടേ. ഞാൻ അപ്പം ചുടാൻ അരിപ്പൊടി കുഴയ്ക്കുകയായിരുന്നു.

വികാ— അപ്പം ചുട്ടാ മതിയോ?

തൊ— അതാ അച്ചാ ഞാനും ചോദിക്കുന്നേ (റോബർട്ടു് വികാരിയച്ചനോടു്) ജോയിച്ചൻെറ വരവു് ഓക്കാപ്പുറത്തല്ലേ. ഇനി നമുക്കാലോചിച്ചു വേണ്ടതൊക്കെ ചെയ്യാം.

(കാക്കവും കൂട്ടരും പ്രവേശിച്ചു് സ്തുതിചൊല്ലി ഫാ. ജെയിക്കബിൻെറ കൈ മുത്തുന്നു)

ഫാ. ജെയിക്കബ്— കാക്ക സുഖമല്ലേ, ചാക്കോപ്പിച്ചേട്ടനെ പുത്തൻ കർബാനയിൽ ഞാൻ പ്രത്യേകം ഓർത്തു.

കാക്ക— അച്ചൻെറ കാര്യം അപ്പൻ എപ്പോഴും പറയുവാരുന്നു.

ഫാ. ജെയിക്കബ്— സങ്കടപ്പെടേണ്ട! ചാക്കോപ്പിച്ചേട്ടനു് നല്ലമരണം കിട്ടിയല്ലോ. നാളെ ചാക്കോപ്പിച്ചേട്ടൻെറ കുഴിമാടത്തിൽ ഞാൻ ഒപ്പീസു നടത്താം.

വികാ— ഞാനും കൂടാം. നിങ്ങളെല്ലാവരും വരണം. ജോയിച്ചൻ മൂലമാ ചാക്കോപ്പിക്കു് ഇങ്ങനെ ഒരു നല്ലമരണം കിട്ടിയതു്.

ഫാ. ജെയി— ശൗരി ഇപ്പോൾ എവിടെയാ?

റോ— അവനെപ്പററി ഒരറിവുമില്ല. പുറപ്പെട്ടുപോയിട്ടു കൊല്ലം അഞ്ചെട്ടായി. എവിടാണോ?

ഫാ. ജെയി— അവൻ തിരിച്ചുവരുമപ്പച്ചാ. എൻെറ പുത്തൻ കർബാനയുടെ സമ്മാനമായി അവനെ മാനസാന്തരപ്പെടുത്തണമെന്നു് ഞാൻ പ്രാർത്ഥിച്ചിട്ടുണ്ടു്. ഏതു വനാന്തരത്തിലാണെങ്കിലും അവൻെറ ഹൃദയത്തെ സ്പർശിക്കുവാൻ നമ്മുടെ ഈശോയ്ക്കു കഴിയുമല്ലോ.

കാക്ക— അതേയുള്ളു ഇനിയൊരു ശരണം.

(തൊമ്മി പ്രവേശിക്കുന്നു.)

തൊ— കാപ്പി തയ്യാറായി.

(റോബർട്ടു് എല്ലാവരേയും ക്ഷണിച്ചിരുത്തുന്നു. കാപ്പി കൊണ്ടുവരുന്നു)

വികാരി— തൊമ്മി തരക്കേടില്ലല്ലോ. കിട്ടിയ നേരം കൊണ്ടു് എന്തെല്ലാമാ ഉണ്ടാക്കിയിരിക്കുന്നതു്?.

തൊ— ഇന്നു് തൊമ്മി ഉഷാറില്ലാ. ഇന്നെട്ടത്തില്ലേ പിന്നെ എന്നാ എടുക്കുന്നേ! ഇനി അടുത്ത ഞായറാഴ്ച കാണിച്ചു തരാം.

വികാ— അടുത്ത ഞായറാഴ്ചയാണോ സ്വീകരണം കരുതിയിരിക്കുന്നതു്?.

റോ— അന്നാകാം. അച്ചനു് അസൗകര്യമില്ലല്ലോ?

കുട്ടികൾ— സൺഡേസ്കൂളിന്റെ സ്വീകരണവും അന്നുതന്നെ നടത്താം.

വികാ— അങ്ങനെതന്നെ.

കർട്ടൻ.

## രംഗം 13

### ആരണ്യം

[ചൂടാമറയൻ പണക്കിഴിയുമായി പൊട്ടിച്ചിരിച്ച് പ്രവേശിക്കുന്നു. പണക്കിഴി താഴെയിടുന്നു]

ചൂടാ— ഹ ... ഹ ... ഹ ... ഹ ... ഹ ... ആ പോലീസുകാരൻ വിചാരിച്ചു ഞാൻ ഒരു കളിപ്പാവയാണെന്ന്. അവന്ന് ആ വീഴ്ച കണക്കിനു പാറിയിട്ടുണ്ട്. ഇനി ആ വിഡ്ഢി ഇതറിഞ്ഞേ അടങ്ങൂ. ഏടാ പോലീസുകാരാ എങ്ങനെയിരിക്കുന്നെടാ എന്റെ കയ്യുടെ കരുത്ത്. ഹ ... ഹ ... ഹ ... അവൻ വിചാരിച്ചു ഞാൻ പൂച്ചയെക്കണ്ട എലി ആയിരിക്കുമെന്ന്. അവൻ ഇപ്പോൾ ശരിക്കു പഠിച്ചുകാണും. ഏതായാലും ഞാനിനി കുറച്ചു സൂക്ഷിക്കണം. ഓ, അല്ലെങ്കിൽ എന്നാ സൂക്ഷിക്കാനാ. ഇവന്മാർക്കുണ്ടോ എന്നെ പിടിക്കാൻ ധൈര്യം. (നിലത്തിരിക്കുന്നു) ഇന്നെന്താ എനിക്കൊരു വല്ലാത്ത വിചാരം. പലതും മനസ്സിനെ അസുഖപ്പെടുത്തുന്നു. എന്താണോ ഇതിനെല്ലാം കാരണം? (ചാടി എണീററു്) എന്ത് ചൂടാമറയൻ ഇത്ര ഭീരുവോ? പാടില്ല. ഒരിക്കലും പാടില്ല. നിന്റെ ശത്രുക്കളെ കിടുകിടെ വിറപ്പിച്ച നീ ഒരിക്കലും ക്രൂസാൻ പാടില്ല. എന്തു വന്നാലും ഞാൻ അധൈര്യപ്പെടുകയില്ല. നിശ്ചയം. ഹ ... ഹ ... ഹ ... ഹ ...

(അകത്തുനിന്നും അതിഭയങ്കരമായ താളമേളങ്ങൾ. ചൂടാമറയൻ ഞെട്ടി അങ്ങോട്ടുമിങ്ങോട്ടും നോക്കുന്നു.)

ശബ്ദം— ഏടാ ശൗരീ, ഏടാ, ശൗരിയേ! നീ ഇങ്ങുവ

ന്നോടാ. ഇവന്മാരെവിടെപ്പോയിത്തുലഞ്ഞു. ഇവ ൻെറയൊക്കെ തല തട്ടിപ്പോയോ. നിനക്കൊന്നും ഘ്രണം വരത്തില്ലെടാ.

(അകത്തെ ശബ്ദങ്ങൾ നിൽക്കുന്നു.)

ചൂ— ആരാ? ഇങ്ങനെയുള്ള അപശബ്ദങ്ങളാണ് എന്നെ ഈവിധത്തിലാക്കിയതു്. ഹ ... ഹ .. ഹ ...

(വീണ്ടും ശബ്ദം)

ശബ്ദം— എടാ, നീചാ! ഈ അപശബ്ദം ആരാണു ണ്ടാക്കുന്നതു്? നിന്നെ ജനിപ്പിച്ചു വളത്തി ആളാക്കിയതന്തയല്ലേ? നീ ഒരു പുത്രൻെറ കടമകൾ ശരിയായിട്ടു നിവ്വഹിച്ചിട്ടുണ്ടോ? നീ മനസ്സിലാക്കു്. നീ എപ്പോഴെങ്കിലും നിൻെറ പിതാവിനെ അനുസരിച്ചിട്ടുണ്ടോ?

ചൂടാ— (അസ്വാസ്ഥ്യ ലക്ഷണങ്ങൾ കാണിക്കുന്നു.) നീ ആരാണു്? എന്നെ ഭയപ്പെടുത്താതെ പോകൂ. അതാണു് നല്ലതു്.

ശബ്ദം— ഞാനാരാണെന്നു് അല്ലേ? വീരരിൽ വീരനായ നീ കേവലം ഒരു ശബ്ദത്തെ ഭയപ്പെടുന്നു അല്ലേ. നീ എന്തിനു ഭയപ്പെടുന്നു. ഞാനാരാണെന്നല്ലേ! ഹ ... ഹ ... ഹ ... ഹ ... ശബ്ദം (ഉയത്തി) ഞാനാരാണെന്നു്? എടാ, ഞാൻ നിൻെറ മനസ്സാക്ഷിയാണു്; മററാരുമല്ല.

ചൂടാ— നിന്നെ എനിക്കു ഭയമില്ല. ഹ ... ഹ ...ഹ ... (ചിരി നിജ്ജീവം) ചൂടാമറയനു് ആരെയും പേടിയില്ല.

ശബ്ദം— നീ എന്നുമുതൽ ചൂടാമറയൻ ആയി. നീ നിൻെറ ജീവിതത്തിലേയ്ക്കും ഒന്നു പിൻതിരിഞ്ഞു നോക്കു്. നിൻെറ കരിപിടിച്ച ജീവിതം കണ്ടു് നീ ഭയന്നു നടുങ്ങരുതു്. ബോധംകെട്ടു വീഴരുതു്. നീ പറഞ്ഞിട്ടുള്ള ദൈവദൂഷണങ്ങൾ കേട്ടു് നീ ഇപ്പോൾ ചെവിപൊത്തരുതു്. നിന്നെ മടിയിൽ വച്ചു് ചുംബനങ്ങളാൽ ലാളിച്ചു വളത്തിയ ആ

പിതാവിനെ നീ ഓൎത്തുനോക്ക്. (പിൻകൎട്ടൻ പൊങ്ങുന്നു. മടിയിൽ 5 വയസ്സു പ്രായമായ ഒരു കുഞ്ഞിനെ ചുംബിച്ചുകൊണ്ടിരിക്കുന്ന ചാക്കോപ്പിയെക്കാണുന്നു. കൎട്ടൻ വീഴുന്നു.)

ചൂടാ— എന്റെ അപ്പൻ. എന്നെ താലോലിച്ചു വളൎത്തിയ എന്റെ അപ്പൻ.

ശബ്ദം— അങ്ങനെ നിന്റെ പിതാവു നിന്നെ താലോലിച്ചു വളൎത്തി. എന്നിട്ടും നീചാ നീ നിന്റെ പിതാവിനെ പഴിക്കുന്നു.

ചൂടാ— ഇല്ല. ഉവ്വം്, ഞാൻ പഴിച്ചു. എനിക്ക് രക്ഷയില്ല. ഞാൻ നശിച്ചു. ഞാൻ നശിച്ചു. അയ്യോ ഞാനാണു തെറുകാരൻ. എനിക്കിനി രക്ഷയില്ല.

(ഭയലക്ഷണങ്ങൾ)

ശബ്ദം— ആ നല്ല വികാരിയച്ചൻ നിന്നെ എത്ര പ്രാവശ്യം ഉപദേശിച്ചു. എടാ മനുഷ്യാധമാ, നീ അതുവല്ലതും ചെവിക്കൊണ്ടോ?

(ഉൾക്കൎട്ടൻ പൊങ്ങുന്നു. അച്ചനും രണ്ടുമൂന്നു കുട്ടികളും. അച്ചൻ ഉപദേശിക്കുന്നു. ഒരു കുട്ടി മുഖം തിരിഞ്ഞു പോകുന്നു. കൎട്ടൻ വീഴുന്നു.)

ചൂടാ— വേണ്ടാ, എനിക്കു കാണണ്ട. ഞാൻ തെററിപ്പോയി. ആ നല്ല അച്ചന്റെ ഉപദേശത്തിനൊന്നും ഞാൻ ചെവി കൊടുത്തില്ല. ഞാൻ നശിച്ചു. എനിക്കു രക്ഷയില്ല. നരകം ഇതാ അതിന്റെ ഭീകരമായ വക്ത്രങ്ങൾ തുറന്ന് എന്നെ വിഴുങ്ങാനായി വരുന്നു. എടാ പിശാചേ, എന്നെ തൊട്ടുപോകരുത്.

(കൎട്ടൻ പൊങ്ങുന്നു. രണ്ടു പിശാചുക്കൾ അട്ടഹസിക്കുന്നു. ചൂടാമറിയൻ ഭയന്ന് കണ്ണുപൊത്തി എന്റെ ദൈവമേ, എന്നു വിളിക്കുന്നു. പിശാചുക്കൾ മറയുന്നു. ഉൾകൎട്ടൻ വീഴുന്നു.)

ശബ്ദം— എന്തിനു നീ ഭയന്നു വീഴുന്നു? എന്തിനു നീ

പിശാചുക്കളെ ഭയപ്പെട്ടുന്നു.? നീ ഇല്ലെന്നു പറഞ്ഞു പഴിച്ച ആ ദൈവത്തെ എന്തിനു നീ സഹായത്തിനുവിളിച്ചു.? മനുഷ്യരുടെ സങ്കല്പസൃഷ്ടിയായ ആ ദൈവത്തെ നീ എന്തിനു വിളിച്ചു.? നീ സ്വയം അഹങ്കരിച്ചിരുന്ന ആ നിൻെറ കരബലം, അതു് എവിടെപ്പോയി.? മരണസമയത്തു പോലും എൻെറ മകനെയെന്നുവിളിച്ചു് നിന്നെ കാണുവാൻ ആഗ്രഹിച്ച നിൻെറ പിതാവിനെ കിഴവൻ എന്നു പറഞ്ഞു് നീ അധിക്ഷേപിച്ചു. വാത്സല്യത്തിൻെറ നിറകുടമായ ആ പിതാവിനെ.

(ഉൾക്കർട്ടൻ പൊങ്ങുന്നു. ചാക്കോപ്പിച്ചേട്ടൻ മരണശയ്യയിൽ കിടക്കുന്നു. അച്ചനും രണ്ടുമൂന്നുപേരും ചുററും നിൽക്കുന്നു.)

ശബ്ദം— നീ കണ്ണു തുറന്നു നോക്കു്. മകനെ കാണാതെ ആധിമുഴുത്തു് അന്ത്യശ്വാസം വലിക്കുന്ന നിൻെറ വൃദ്ധപിതാവിനെ നോക്കു. എന്താണു് തൻെറ അന്ത്യവിനാഴികയിൽ ആ വൃദ്ധൻ പറയുന്നതെന്നു് ചെവി തുറന്നു കേൾക്കു. (ഇടറിയസ്വരത്തിൽ) അച്ചാ! ഒരുകാര്യം മാത്രം ഓർത്താണു് എൻെറ മനസ്സു തകരുന്നതു്. എൻെറ മൂത്തമകൻ ശൗരി, അവനെപ്പററിയുള്ള ഒരു മനഃസ്താപം മാത്രമേ എനിക്കുള്ളു. (ശബ്ദം ഉച്ചത്തിൽ) കേൾക്കു്: നീ കേൾക്കു്. നീ അന്നവിടെ ഉണ്ടായിരുന്നിട്ടും നിനക്കെന്തെങ്കിലും അനുതാപം തോന്നിയോ?

ചൂടാ— അപ്പാ! എൻെറ അപ്പാ! ഞാൻ തെററുചെയ്തുപോയി. എന്നോടു ക്ഷമിക്കു (ഓടാൻ തുടങ്ങുന്നു.)

ശബ്ദം— നില്ക്കവിടെ. (കർട്ടൻ താഴുന്നു) സമയം കഴിഞ്ഞുപോയി. എടാ! നീചപാപി, ചണ്ഡാലാ നിൻെറഹൃദയം തകരുന്നില്ലേ! കരിങ്കല്ലുപോലെയുള്ള നിൻെറമനസ്സു പൊട്ടിത്തകരുന്നില്ലേ! കരയൂ. പൊ

ട്ടികരയൂ. കരഞ്ഞു കരഞ്ഞു നിൻെറ കണ്ണുനീർ തുള്ളികൾകൊണ്ടു് നിൻെറ പാപങ്ങളോരോന്നും കഴുകിക്കളയൂ!

ചൂടാ— ഞാൻ മഹാപാപി! ശപിയ്ക്കപ്പെട്ടവൻ, നീചൻ. എൻെറ കൈകൾ, പാപത്തിൻെറ കറപുരണ്ട എൻെറ കൈകൾ. എൻെറ ഓരോ അവയവവും പാപച്ചേററിൽ മുഴുകിയവയാണു്. എനിക്കിനി ഒരുവഴി മാത്രമേയുള്ള "ആത്മഹത്യ." (കഠാരി ഊരിയെടുത്തിട്ടു്) ഞാൻ നശിച്ചു! എൻെറ അന്ത്യം ഇങ്ങനെതന്നെയാവട്ടെ; അല്ലയോ കഠാരമേ! നീയെൻെറ രക്തം കുടിക്കൂ. അങ്ങനെ ഞാൻ അവസാനിക്കട്ടെ. (കഠാരികൊണ്ടു് കുത്തുവാൻ ഭാവിയ്ക്കുന്നു.)

ശബ്ദം— അരുതു്. (ചൂടാമറയൻെറ കൈ നിശ്ചലമാകുന്നു) നിൻെറ തീരാത്ത പാപങ്ങളുടെ ഫലം കൂട്ടി നരകത്തിനു പാത്രമാകുവാനോ നീ ശ്രമിക്കുന്നതു്? നിനക്കു രക്ഷയുണ്ടു്. നീയനുതപിയ്ക്കുക, നീ ഹൃദയം പൊട്ടികരയുക. നല്ലവനായ ദൈവം നിൻെറ പാപങ്ങൾ ക്ഷമിക്കും. നീ നിൻെറ എണ്ണമററ പാപങ്ങളെപ്പററി പശ്ചാത്തപിക്കുക. നല്ലവനായ ദൈവം നിന്നെ അനുഗ്രഹിക്കും.

(പിൻകർട്ടൻ ഉയരുന്നു യേശു പ്രത്യക്ഷനാകുന്നു)

ശബ്ദം— അദ്ധ്വാനിക്കുന്നവരും ഭാരം ചുമക്കുന്നവരും എൻെറ പക്കൽ വരുവിൻ. ഞാൻ നിങ്ങളെ ആശ്വസിപ്പിയ്ക്കാം.

ചൂടാ— (കഠാരി എറിഞ്ഞിട്ടു് ഓടിച്ചെന്നു് കാലുകളിൽ വീഴുന്നു. എഴുന്നേററു് മുൻപോട്ടു മാറിനിന്നു പറയുന്നു. പിൻകർട്ടൻ വീഴുന്നു) എനിക്കിനി രക്ഷയുണ്ടു്. എൻെറ ദൈവം എന്നോടു ക്ഷമിയ്ക്കും. ഞാനിനി ചൂടാമറയനുമല്ല, കൊള്ളക്കാരനുമല്ല. (മുഖാവരണങ്ങളും മററും വലിച്ചെറിയുന്നു. ഞാൻ

ഇനി പുത്തുശ്ശേരിയിലെ ചാക്കോപ്പിയുടെ മകൻ ശൗരിയാണു്. എന്നെ അറസ്ററു ചെയ്യുവാൻ പോലീസുകാർ വരുന്നതിനു മുൻപേ എനിക്കൊന്നു കുമ്പസാരിക്കണം. എൻെറ അപ്പൻെറ കുഴിമാടത്തിൽ പോയി പ്രാത്ഥിക്കണം. (ദൂരെനിന്നു പോലീസ് വിസിൽ കേൾക്കുന്നു. ശൗരി പകച്ചു നോക്കിയിട്ടു് ഓടുന്നു. ഉടനെ രണ്ടു പോലീസുകാരും ഇൻസ്പെക്ററും ഓടി പ്രവേശിക്കുന്നു)

ഇൻസ്പെക്ടർ– അവൻതന്നെ ചൂടാമറയൻ. പിടിയവനെ (പോലീസുകാർ ഓടുന്നു. ഇൻസ്പെക്ടർ മുഖം മൂടി നിലത്തുനിന്നെടുത്തു പരിശോധിക്കുന്നു.)

കർട്ടൻ

## രംഗം 14

### പള്ളിസിമിററി

[ചാക്കോപ്പിയുടെ ശവകുടീരം. ഒരുമരക്കുരിശ്ശ്. ഫാ. ജേയ്ക്കബ്, കാക്കു, റോബർട്ട് എന്നിവർ, മുട്ടുകുത്തി പ്രാത്ഥിച്ചുകൊണ്ടിരിക്കുന്നു. എല്ലാവരും എഴുന്നേൽക്കുമ്പോഠം ശൗരി കാടിക്കിതച്ചു പ്രവേശിക്കുന്നു. അടുത്തുള്ള കുഴിമാടങ്ങളിന്മേൽ നോക്കുന്നു.]

കാക്കു– അയ്യോ! ഇതെൻെറ ചേട്ടനല്ലേ! എൻെറ ചേട്ടാ (ഓടിച്ചെന്നു കെട്ടിപ്പിടിക്കുന്നു)

ശൗരി– അതേ! അനുജാ. (കരഞ്ഞുകൊണ്ടു്) നിൻെറ നിർഭാഗ്യവാനായ ചേട്ടൻ തന്നെ.

ഫാ. ജേയ്ക്കബ്– ങേ! ഇതാരു് ശൗരിയോ?

ശൗ– നിങ്ങളെല്ലാവരാലും വെറുക്കപ്പെട്ട ശൗരി തന്നെ (കാക്കുവിനോടു്) നമ്മുടെ അപ്പനെയടക്കിയ കുഴിമാടം ഏതാണു്?

കാക്കു– ഇതാണു ജ്യേഷ്ഠാ!

ശൗരി– എൻെറയപ്പാ! (കുഴിമാടത്തിലേയ്ക്കു് അലച്ചുവീഴുന്നു. കരഞ്ഞുകൊണ്ടു് തല നിലത്തു തല്ലുന്നതിനിടയിൽ) ഇതാപ്പാ, അങ്ങയുടെ മുടിയനായ പുത്രൻ തിരിച്ചുവന്നിരിക്കുന്നു. എന്നോടൊന്നു മിണ്ടുകയില്ലേ അപ്പാ! എന്നോടു ക്ഷമിച്ചു എന്നു പറയൂ അപ്പാ. അയ്യോ! എൻെറയപ്പാ! അങ്ങയുടെ മുഖം ഞാനിനിയൊരിക്കലും കാണുകയില്ലല്ലോ. എൻെറ പൊന്നപ്പാ അങ്ങയുടെ മരണസമയത്തു ഒരുതുള്ളി വെള്ളം തൊട്ടുതരാൻ എനിക്കു ഇടയായില്ലല്ലോ! എൻെറ പൊന്നപ്പാ! അപ്പൻെറയടുക്കൽ എനിക്കു നില്ക്കാൻ അധികസമയമില്ല. എന്നെ കൊണ്ടുപോകുവാൻ ഇപ്പോൾ വരും.

അച്ചൻ– ശൗരീ! നീ സമാധാനിക്കു്. വന്നതെല്ലാം

വന്നു. (പിടിച്ചെഴുന്നേൽപ്പിയ്ക്കുന്നു) മരിച്ചുപോയ വർപോയി. ഇനി കരഞ്ഞതുകൊണ്ടു തിരിച്ചു വരുകയില്ല. അവക്കുവേണ്ടി നമുക്കു പ്രാൎത്ഥിയ്ക്കാം.

ശൗരി– അച്ഛാ, ഇനിയധികം സമയമില്ല. എന്നെ കൊണ്ടുപോകുവാൻ ഇപ്പോൾ പോലീസുകാർ വരും. അതിനുമുൻപ് എനിയ്ക്കൊന്നു കുമ്പസാരിക്കണം.

(ഇൻസ്പെക്ടരും പാർട്ടിയും പ്രവേശിക്കുന്നു)

ഇൻസ്പക്ടർ– ഉം; അവനെ വിലങ്ങുവയ്ക്കു്. നീയെൻെറ കയ്യിൽനിന്നും രക്ഷപെടാം എന്നു കരുതിയല്ലോ?

(പോലീസുകാർ വിലങ്ങുവെയ്ക്കുവാൻ തുടങ്ങുന്നു. വികാരിയച്ചൻ പ്രവേശിക്കുന്നു ഇൻസ്പെക്ടരും പാർട്ടിയും ആചാരം ചെയ്യുന്നു.)

വികാ– വരട്ടെ. എന്തു കാരണത്തിന്മേലാണ് ഇയാളെ ഇവിടെവച്ചു അറസ്ററു ചെയ്യുന്നതു്?

ഇൻസ്പെ– ഇവനാണ് കുപ്രസിദ്ധ തസ്കരനും കൊള്ളത്തലവനുമായ ചൂടാമറയൻ.

എല്ലാവരും– ങേ!

കാക്കു– എൻെറ ജ്യേഷ്ഠനോ ആ ഭയങ്കര കവർച്ചക്കാരൻ? അല്ല; ഒരിക്കലുമല്ല.

ഫാ. ജേയ്ക്കബ്– ഒരിക്കലും അങ്ങനെ വരാൻ ന്യായമില്ല. നിങ്ങളുദ്ദേശിക്കുന്നയാൾ വേറെ വല്ലവരുമായിരിക്കും.

റോബർട്ടു്– എനിക്കും അതു വിശ്വാസം വരുന്നില്ല.

ഇൻസ്പെ– നിങ്ങൾക്കു വിശ്വാസം വരാൻ ഞാൻ ഇവനെകൊണ്ടു പറയിപ്പിയ്ക്കാം. എടാ, ശൗരീ! സത്യംപറ. നീയാരാണ്?

ശൗരി– നിങ്ങളമ്പരക്കരുതു് ഞാൻ തന്നെയാണ് ചൂടാമറയൻ എന്നപേരിൽ കവർച്ച നടത്തികൊണ്ടിരുന്നതു്. ഞാൻ തന്നെയാണ് ആ മഹാപാപി. സ്വന്തം വീട്ടിൽപോലും കയറി കള

വൃനടത്തിയ ആ മഹാദ്രോഹി. സ്വന്തം പിതാവു മരിയ്ക്കാറായി കിടക്കുന്നതു കണ്ടിട്ടു തിരിഞ്ഞു നോക്കാത്ത പിതൃഘാതകൻ. വഴിയിൽവച്ചു പിച്ചക്കാരൻെറ ചില്ലിക്കാശുപോലും പിടിച്ചുപറിച്ചെടുത്ത അക്രമി. പോലീസിനെ കബളിപ്പിച്ചു നടന്ന തസ്കരൻ.

അച്ചൻ– എനിക്കു വളരെ അത്ഭുതകരമായി തോന്നുന്നു. ഇൻസ്പെക്ടർ, നിങ്ങൾക്കിതിൽ യാതൊരു സംശയവുമില്ലേ?

ഇൻസ്പെ– ഇവനെന്നെ കബളിപ്പിച്ചു മൂന്നുനാലു പ്രാവശ്യം രക്ഷ പ്രാപിച്ചിട്ടുണ്ട്. ഇവൻെറ താവളം എവിടെയാണെന്നു മനസ്സിലാക്കുവാൻവേണ്ടിയായിരുന്നു എൻെറ ശ്രമം. ഇവൻ ഇതിനടുത്തുള്ള കാട്ടിലാണ് എല്ലായ്പ്പോഴും ഓടിച്ചെന്നു മറയുക. ഒരുദിവസം ഞാനൊരു ഭ്രാന്തൻെറ വേഷമെടുത്ത് ഇവൻെറ താവളം മനസ്സിലാക്കി. അങ്ങനെയാണ് ഇന്നു ഞാൻ ഇവനെ പിടിക്കുവാൻ ചെന്നത്.

ശൗരി– ങെ! ആ ഭ്രാന്തൻ നിങ്ങളോ?

ഇൻസ്പെ– അതേ! നിൻെറ മററ രണ്ടു കൂട്ടുകാരെയും ഇപ്പോൾ അറസ്ററുചെയ്തു് സ്റ്റേഷനിൽ കൊണ്ടുവന്നു കാണും.

ഇൻസ്പെ– ഫാദർ! സമയം പോയി. ഞങ്ങൾ പോകട്ടെ!

ശൗരി– വരട്ടെ. അതിനുമുൻപായി എനിയ്ക്കൊരപേക്ഷയുണ്ട്. എനിയ്ക്കൊന്നു കുമ്പസാരിക്കണം.

ഇൻസ്പെ– അതിനു ഞാൻ പിന്നീടു സൗകര്യം ഉണ്ടാക്കിത്തരാം.

ഫാ. ജയിക്കബ്– ഞാൻ അവിടെവന്നു കുമ്പസാരം നടത്തിക്കൊള്ളാം. സമാധാനമായി പോകൂ.

മേരി– എൻെറ ചേട്ടാ, ചേട്ടൻ പോവുകയാണോ? എനിക്കിനി ആരാണുള്ളത്? (കരയുന്നു)

പോലീ– വിളയാട്ടത്തിനുള്ള സമയം
ക്കുവേഗം. (തള്ളുന്നു.)
ശൗരി– അനുജാ നീ ഇതെല്ലാം ക
കരേ, നിങ്ങൾ ഇതു കണ്ടു പ
(പോലീസ് കൊണ്ടുപോ
പോയവഴി നോക്കി നിൽക്കുന്നു)
വികാ– ഏതായാലും അവൻെറ മാന
രത്തിയ സർവ്വേശ്വരനു് നമുക്ക

കർട്ടൻ.

---

| Date Due | Borrower | Date Due | Borrower |
|---|---|---|---|
| | | | |

DC Library
*00009016*
T62 P28



T 62
P 28
Indic Digital Archive Foundation
gpura.org